# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാമനപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 10/746/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാമനപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 10/746/2022 തീയ്യതി: 11/06/2022

## തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 02-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-02-2022 | 14-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-02-2022 | 14-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധു. പി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി വി.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആതിര സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ദേവദാസൻ | പ്രസിഡന്റ് | 01-04-2020 | 02-11-2020 |
| ശ്രീമതി ജി.ഒ.ശ്രീവിദ്യ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സന്തോഷ് കുമാർ കെ ബി | സെക്രട്ടറി | 01-04-2020 | 26-06-2020 |
| ശ്രീ രതീഷ് കുമാർ റ്റികെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2020 | 09-07-2020 |
| ശ്രീ റഫീഖ് ബി | സെക്രട്ടറി | 10-07-2020 | 04-02-2021 |
| ശ്രീ മനോജ് എസ് | സെക്രട്ടറി | 05-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷാജി | കൃഷി ഓഫീസർ | 01-04-2020 | 18-06-2020 |
| ശ്രീമതി അംല ശശിധരൻ | കൃഷി ഓഫീസർ | 19-06-2020 | 31-03-2021 |
| ശ്രീ ജിജോ മാത്യൂ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി രജനി ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ സുബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാരിക | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലേഖ എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ രഞ്ജിത്ത് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ ജെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 09-02-2021 |
| ശ്രീമതി ലീന ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2021 | 31-03-2021 |
| ശ്രീമതി അൻസി എ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി സരിത വിജയൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീ രതീഷ് കുമാർ റ്റികെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ അജു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-1 |
| 2 | ബജറ്റ് - അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-1-1 |
| 3 | ബജറ്റ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-2 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3 |
| 6 | B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3-1 |
| 7 | സംരക്ഷണ ഫണ്ട്(റോഡ്) തുക ലാപ്സായി<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3-2 |
| 8 | സംയുക്ത പ്രോജക്ടുകൾ-ഫണ്ട് വിനിയോഗം-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3-3 |
| 9 | വനിതാഘടക പദ്ധതി-തുക വിനിയോഗിക്കാതെ പാഴാക്കി<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3-4 |
| 10 | വയോജനങ്ങളുടെ ക്ഷേമം- വകയിരുത്തിയതിനേക്കാൾ വളരെ കുറച്ച് ചെലവഴിച്ചു<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3-5 |
| 11 | അഗതിരഹിത കേരളം പദ്ധതി- നടപ്പിലാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-3-6 |
| 12 | പട്ടികജാതി ഉപപദ്ധതിഫണ്ട്-പശ്ചാത്തലമേഖലയ്ക്ക് തുക വകയിരുത്തിയില്ല<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-3-7 |
| 13 | ഗ്രാന്റ് യൂട്ടിലൈസേഷൻ വിനിയോഗം -അധികധനസഹായം പൂർണ്ണമായും ചെലവഴിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-3-8 |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് വിശദാംശങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 20-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-4 |
| 15 | ക്ഷേമപദ്ധതികൾ<br>Written By: Sreedevi S (Senior Grade Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-5 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: Sreedevi S (Senior Grade Auditor, On 17-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-5-1 |

| | | |
|---|---|---|
| 17 | ക്ഷേമ പദ്ധതി രജിസ്റ്ററുകളുടെ പരിശോധന<br>Written By: Sreedevi S (Senior Grade Auditor, On 17-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-5-2 |
| 18 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Athira C (Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-05-2022) | 1-6 |
| 19 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-7 |
| 20 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Mary Andrews (Audit Officer, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-8 |
| 21 | വസ്തുനികുതി നിർണയം - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 18-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-9 |
| 22 | മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 18-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-9-1 |
| 23 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം<br>Written By: Sreedevi S (Senior Grade Auditor, On 18-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-9-2 |
| 24 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത<br>Written By: Sreedevi S (Senior Grade Auditor, On 18-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-9-3 |
| 25 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Sreedevi S (Senior Grade Auditor, On 18-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-9-4 |
| 26 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Sreedevi S (Senior Grade Auditor, On 17-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-10 |
| 27 | കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-11 |
| 28 | വളർത്തു മൃഗങ്ങളുടെ ലൈസൻസ് - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 21-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-12 |
| 29 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് - വരുമാന നഷ്ടം<br>Written By: Athira C (Auditor, On 19-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-13 |
| 30 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ<br>Written By: Athira C (Auditor, On 18-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-14 |
| 31 | ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവയിലെ അപാകതകൾ<br>Written By: Athira C (Auditor, On 19-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-15 |
| 32 | എസ്.എൽ.ഐ പ്രീമിയം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: Athira C (Auditor, On 19-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-16 |
| 33 | മാർച്ച് മാസത്തെ ശമ്പളം നൽകിയതിലെ അപാകങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: K Sreeja (Deputy Director, On 11-06-2022) | 1-17 |
| 34 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - രേഖകളുടെ | 1-18 |

| | | |
|---|---|---|
| | അഭാവത്തിൽ 2,10,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 24-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | |
| 35 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവു തുക 26,80,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Mary Andrews (Audit Officer, On 24-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-19 |
| 36 | ഡെഫേർഡ് സാലറി- തിരികെ നൽകിയത്-സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-20 |
| 37 | ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം കുറവ് ചെയ്തത്- തിരികെ അടവാക്കിയതിൽ വ്യക്തതയില്ല<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-21 |
| 38 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-22 |
| 39 | ഹരിതകർമ്മസേന – കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-23 |
| 40 | ലൈഫ് ഭവനനിർമ്മാണപദ്ധതി - അവസാനഗഡു അനുവദിച്ചിട്ടില്ല<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-24 |
| 41 | പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തന രഹിതം<br>Written By: Lisha.K.V (Asst. Audit Officer, On 15-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-25 |
| 42 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-26 |
| 43 | സർക്കാരിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ തനത് ഫണ്ടിൽ അവശേഷിക്കുന്നു.<br>Written By: Shalini V K (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 1-27 |
| 44 | പാലിയേറ്റീവ് പ്രവർത്തനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-28 |
| 45 | പാലിയേറ്റീവ് കെയർ പ്രോജക്ട് - 40,130/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-29 |
| 46 | എഫ്എച്ച്സി - വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 20-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-30 |
| 47 | ഇടവിള കൃഷി പദ്ധതി - അപേക്ഷകൾ പൂർണമല്ല<br>Written By: Sreedevi S (Senior Grade Auditor, On 20-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-31 |
| 48 | ഫലവൃക്ഷത്തൈ വിതരണം പദ്ധതി - അപാകതകൾ സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 20-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-32 |
| 49 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 20-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-33 |
| 50 | സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 20-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-34 |
| 51 | ടില്ലർ മെഷീൻ വാങ്ങിയത് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Sreedevi S (Senior Grade Auditor, On 22-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-35 |

| | | |
|---|---|---|
| 52 | വനിതാ പച്ചക്കറി കൃഷി (ഗ്രോബാഗ്) പദ്ധതി - ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ലഭ്യമല്ല<br>Written By: Sreedevi S (Senior Grade Auditor, On 22-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-36 |
| 53 | കേദാരം നെൽകൃഷി - അപേക്ഷകളിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 22-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-37 |
| 54 | സോളാർ ഫെൻസിംഗ് - വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു<br>Written By: Sreedevi S (Senior Grade Auditor, On 22-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-38 |
| 55 | പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 22-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-39 |
| 56 | ഹരിതഭവനം പദ്ധതി - 9,150/- രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 24-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-05-2022) | 1-40 |
| 57 | അങ്കണവാടികളുടെ ഭൗതീക സാഹചര്യങ്ങൾ - അവലോകനം<br>Written By: Mary Andrews (Audit Officer, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Mary Andrews (Audit Officer, On 16-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: K Sreeja (Deputy Director, On 11-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Mary Andrews (Audit Officer, On 16-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Mary Andrews (Audit Officer, On 16-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Mary Andrews (Audit Officer, On 30-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Mary Andrews (Audit Officer, On 16-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: K Sreeja (Deputy Director, On 11-06-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mary Andrews (Audit Officer, On 16-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 25-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 31.3.2020ലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 207876159/- രൂപയും ആകെ ചെലവ് 205796551/- രൂപയും നീക്കിയിരിപ്പ് 2079608/-രൂപയുമാണ്.

### 1-1-1 ബജറ്റ് - അപാകതകൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും നിർദ്ദേശിച്ചതിൽ കൂടുതലും ആയ ചെലവുകൾ ചെയ്തിട്ടുണ്ടെങ്കിലും ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. 2021-22 ലെ ബജറ്റിനോടൊപ്പം ബജറ്റ് റിവൈസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ബജറ്റ്, വാർഷികധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2305007 | Repairs And Maintanance-Electricity | - | 316738/- |
| 2501002 | Agriculture And Related Sectors-other Crops | - | 279093/- |
| 2501028 | Agriculture And Related Sectors-marketing | - | 246000/- |
| 2501046 | Dairy Development-storage And Marketing | - | 958653/- |
| 2503016 | Market Promotion | - | 406000/- |
| 2512002 | Public Health Programmes | - | 1223000/- |

2. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തു. ഉദാഹരണങ്ങൾ ചുവടെ

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2208001 | Miscellaneous Administrative Expenses | 1000000/- | 1013963/- |
| 2512003 | Health Related Special Programmes | 500000/- | 751223/- |
| 2513012 | Other Social Security Programmes | 350000/- | 369298/- |

3.ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2201001 | Rent | 40000/- | - |
| 2 | 2501006 | Agriculture And Related Sectors-fisheries | 579000/- | - |
| 3 | 2511002 | Primary Education | 706400/- | - |
| 4 | 2511015 | Reading Rooms, Libraries, Books | 50000/- | - |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ബജറ്റ് അവലോകനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 5.7.2021 |

വാർഷിക ധനകാര്യ പത്രിക - അപാകതകൾ

1. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (17225721) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (719841) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

3. Treasury Own Fund VPFA 1-2 ന്റെ ബാങ്ക് ബുക്ക് പ്രകാരം 31.3.2021ലെ നീക്കിയിരിപ്പ് 566266/- രൂപ ആണ്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള തുക(-30034) എന്ന് രേഖപ്പെടുത്തിയാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്. എന്നാൽ RP(40b) പ്രകാരം പ്രസ്തുത അക്കൌണ്ടിന്റെ നീക്കിയിരിപ്പ്-300034 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റ് രസീത് ചെയ്യുമ്പോൾ ഒരു ഗഡു അധികമായി റസീപ്റ്റ് ചെയ്യുവെന്നും അത് ശ്രദ്ധയിൽപ്പെട്ടപ്പോൾ 5.9.2021ൽ വൌച്ചർ നം. 22100569 പ്രകാരം അപാകത പരിഹരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത അപാകം പരിഹരിച്ചത് തുടർവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

4. SBI Own Fundന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള Cheques Issued But Not Presented Into Bankൽ ഉൾപ്പെട്ടിട്ടുള്ള മൂന്നുമാസകാലാവധി കഴിഞ്ഞ താഴെപ്പറയുന്ന ചെക്കുകൾ Stale Cheques എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം | തുക |
|---|---|
| 977264/27.10.2020 | 190 |
| 475162/20.3.2020 | 740 |
| 475129/28.2.2020 | 900 |
| 977164/9.6.2020 | 260 |
| 475126/28.2.2020 | 180 |
| 60468/18.12.2019 | 450 |
| 926915/13.6.2019 | 2000 |
| 926867/7.5.2019 | 212 |
| 926934/24.6.2019 | 759 |
| 475161/8.9.2020 | 399 |
| 475164/20.3.2020 | 131 |

SBI(life) ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടുള്ള Cheque Issued But Not Presented Into Bank ൽ ഉൾപ്പെട്ടിട്ടുള്ള ചെക്ക് നം. 69369/2.7.2019പ്രകാരമുള്ള 60000/- രൂപയും Stale Cheque ൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ചെക്കുകൾ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ നീക്കിയിരിപ്പ് 1869666/- രൂപയാണ്. എന്നാൽ B-17 പ്രകാരം നീക്കിയിരിപ്പ് 1000000/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. B-4 ഷെഡ്യൂൾ പ്രകാരമുള്ള ഹെഡ്ഡ്കോഡുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. KURDFC-loan രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B-5 ഷെഡ്യൂൾ, B-16 ഷെഡ്യൂൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. B-5 ഷെഡ്യൂളും B-16 ഷെഡ്യൂളും തമ്മിലുള്ള വ്യത്യാസമായ 520825/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ബാങ്ക്സ്റ്റേറ്റുമെന്റ് സഹിതം വിശദാംശം ലഭ്യമാക്കേണ്ടതാണ്.

8. B-9 Schedule പ്രകാരമുള്ള ഹെഡ്ഡ് കോഡ് നം. 350409901 പ്രകാരമുള്ള (Refund Payable) തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

9. B-18 Schedule പ്രകാരമുള്ള Festival Advance, Temporary Advance For Official Purpose, Advance To Implementing Officers, Advance To Others എന്നീ ഇനത്തിൽ അവശേഷിക്കുന്ന തുകകൾ ക്രമീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

10. Treasury Ownfund VPFA 1-2 , 1.07.2020മുതൽ 20.3.2021 വരെ നെഗറ്റീവ് ബാലൻസ് ആണ് കാണിക്കുന്നത്. വരവുകൾ യഥാസമയം എടുക്കാത്തതിനാലാണ് അപ്രകാരം സംഭവിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറി 12 ന് മറുപടി നൽകിയിട്ടുള്ളത്.

12. RP(40b) പ്രകാരം Treasury TSB Accountന്റെ ക്ലോസിംഗ് ബാലൻസ് 31/- രൂപയാണ്, റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ 26.6.2020ലെ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 31/- രൂപ രേഖപ്പെടുത്തിയാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്. T.S.B അക്കൌണ്ട് 23.6.2020ൽ ക്ലോസ് ചെയ്യതാണെന്നും എന്നാൽ 26.6.2020ൽ പ്രസ്തുത അക്കൌണ്ടിലേയ്ക്ക് Penalities And Fines ഇനത്തിൽ 31/- രൂപ ക്രഡിറ്റ് ചെയ്യിട്ടുണ്ടെന്നും ടി തുക LGTSB അക്കൌണ്ടിലേക്ക് മാറ്റുന്നതിനായി ട്രഷറി ഓഫീസർക്ക് കത്ത് നൽകുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

11. RP-31 Schedule പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12. RP-7 Schedule പ്രകാരമുള്ള ഹെഡ്ഡ് കോഡ് 160100399, 160100501, 160100701, 160300101, 160300102 എന്നിവ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.

14.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ്ഷീറ്റ് B-14 Stock Inhand(inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021 ഏപ്രിൽ മാസത്തെ വൌച്ചർ പ്രകാരം 2021 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് ചെലവുണ്ട്. ടെലഫോൺ ബിൽ, വാട്ടർ ബിൽ എന്നിവ മുൻകൂട്ടി നിർണ്ണയിക്കാൻ കഴിയില്ലായെന്നും അവ രേഖപ്പെടുത്തുന്നതിനാവശ്യമായ ഹെഡ്ഡുകൾ സാംഖ്യയിൽ ഇല്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

16. M.N.R.E.G.S ന്റെ ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ്, വരവ് , നീക്കിയിരിപ്പ് എന്നിവ യഥാക്രമം 6198.31, 1539844, 348258 എന്നിങ്ങനെയാണ്. എ.എഫ്.എസ് പ്രകാരം അവ യഥാക്രമം 3098, 1514844, 347258 എന്നിങ്ങനെയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 12 ന് ലഭ്യമാക്കിയ മറുപടിയിൽ മുന്നിരിപ്പിലെ വ്യത്യാസമായ 2100/-രൂപ ചെക്ക് കൊടുത്തെങ്കിലും 2021 ഏപ്രിൽ ആണ് ക്യാഷ് മാറിയതെന്നും വരവിലെ വ്യത്യാസമായ 25000/-രൂപ തൊഴിലുറപ്പ് 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ഇൻസെന്റീവ് തുകയാണെന്നും നീക്കിയിരിപ്പിലെ വ്യത്യാസമായ 1000/-രൂപ ഗുണഭോക്താവ് നേരിട്ട് ബാങ്കിൽ അടച്ച തുക യഥാസമയം വരവ് എടുക്കാത്തതിനാലുണ്ടായ അപാകതയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

17. I(14d) പ്രകാരം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹസഹായമിനത്തിൽ 210000/- രൂപയും തൊഴിൽരഹിതവേതനമിനത്തിൽ 148080/-രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽ വരവുകൾ Rp-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത തുകകൾ BIMS വഴി നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പോയതിനാൽ യഥാസമയം സാംഖ്യയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ലായെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

18. താഴെപ്പറയും പ്രകാരം വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ് പ്രകാരവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരവും പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ് പ്രകാരം | ഡി.സി.ബി സ്റ്റേറ്റുമെന്റ് പ്രകാരം |
|---|---|---|
| വസ്തു നികുതി(ഡിമാന്റ് ) | 1701104 | 1694985 |
| വസ്തുനികുതി (കളക്ഷൻ, കുടിശ്ശിക ഉൾപ്പെടെ) | 1718944 | 1714614 |
| തൊഴിൽ നികുതി( Employees&traders) Collection | 960430 | 994930 |

19. Property Tax, A.F.Sപ്രകാരം കുടിശ്ശികയിനത്തിൽ ഡിമാന്റില്ല, എന്നാൽ ഡി.സി.ബി സ്റ്റേറ്റുമെന്റ് പ്രകാരം 19629/- രൂപ കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. സഞ്ചയ പ്യൂരിഫിക്കേഷൻ വഴി വന്നിട്ടുള്ള തുകയാണെന്നാണ് ഓഡിറ്റ് എൻക്വയറി 12 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

20. SBI(NREGS) ന്റെ Reconciliation Statement ൽ ഉൾപ്പെട്ടിട്ടുള്ള Cheque Issued But Not Presented Into Bank ൽ ഉൾപ്പെട്ടിട്ടുള്ള ചെക്ക് നം. 438723/16.10.2019 പ്രകാരമുള്ള 1000/- രൂപ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം 21.10.2019ൽ Encash ചെയ്തിട്ടുണ്ട്.

21. ക്യാഷ്ബുക്ക് 26.8.2020, 27.8.2020 എന്നീ തീയതികളിൽ യഥാക്രമം 9520/-രൂപ 14556/-രൂപ എന്നിങ്ങനെ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു.

22. Treasury Own Fund VPFA 1-2 ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള Cheque Deposited But Not എന്ന Collected ആയി ഉൾപ്പെടുത്തിയിരിക്കുന്ന വൌച്ചർ നം. 12002090232/20.3.2021 പ്രകാരമുള്ള 866300/- രൂപ ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ 8.2.2022 വരെ തുക അക്കൌണ്ടിൽ വന്നിട്ടില്ല. ജനറൽ പർപ്പസ് ഫണ്ട് 12 ഗഡുക്കൾക്ക് പകരം 13 ഗഡുക്കൾ രസീത് ചെയ്തു കൊണ്ടാണ് മേൽ അപാകത സംഭവിച്ചതെന്നും പിന്നീട് ഈ വരവ് ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12180495 | 12180495 | 15243989* | -3063494 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4963301 | 4963301 | 477737331** | 225970 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| Maintanance Fund(nonroad) | 0 | 4603958 | 4603958 | 4651000*** | -47042 |
| Maintanance Fund(road) | 0 | 18796000 | 18796000 | 14326303 | 4469697 |
| Development Fund (CFC Untied) | 0 | 10273255 | 10273255 | 7274182 | 2999073 |
| Development Fund (CFC Tied) | 0 | 6080000 | 6080000 | 4502762 | 1577238 |
| CSS** | 0 | 0 | 0 | 1704228**** | -1704228 |
| SSS*** | 0 | 0 | 0 | 875965***** | -875965 |

*വികസനഫണ്ട് (ജനറൽ)ACRപ്രകാരമുള്ള ചെലവ് 11888609/- രൂപയാണ്.

** വികസനഫണ്ട്(എസ്.സി.പി)ചെലവ് എ.സി ആർ പ്രകാരമുള്ള ചെലവ് തുക 4488507/- രൂപയാണ്.

***മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) എ.സി ആർ പ്രകാരമുള്ള ചെലവ് തുക 4603958/- രൂപയാണ്.

****കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

***** സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

****** വികസനഫണ്ട്(ജനറൽ), മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) CSS, SSS എന്നിവയിലെ നീക്കിയിരിപ്പ് നെഗറ്റീവ് ആയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. പ്രസ്തുത തുകയിൽ ട്രഷറി ക്യൂബിൽ അടുത്ത സാമ്പത്തിക വർഷം ലഭിക്കുന്ന ക്യാരി ഓവർ എന്നിവ കുറച്ച് ബാക്കിയുള്ളത് ലാപ്സായി കണക്കാക്കാം.

## 1-3-1 B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A)വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2018-19 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100116 | 529 |
| 320400101 | 1550 |
| 320700105 | 1250000 |
| 320700205 | 575304 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്സ് കോഡ് | തുക |
|---|---|
| 320100101 | 347258 |
| 320100121 | 862591 |
| 320200322 | 4038825 |
| 320200399 | 2530 |
| 320300199 | 687467 |
| 320400199 | 859022 |
| 320700204 | 44362 |
| 320900399 | 500000 |
| 320800101 | 49000 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3-2 സംരക്ഷണ ഫണ്ട്(റോഡ്) തുക ലാപ്സായി

15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ സംരക്ഷണഫണ്ട്(റോഡ്) ൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.സംരക്ഷണ ഫണ്ട് (റോഡ്)ൽ 76 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെകൊടുത്തിരിക്കുന്ന പ്രകാരം ₹710492/- ലാപ്സായി.

| ഫണ്ടിനം | അനുവദിച്ച തുക₹ | ചെലവ് തുക₹ | നീക്കിയിരിപ്പ് തുക₹ | ചെലവ് ശതമാനം | 2021-22 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 18796000 | 14326308 | 4469692 | 76.2 | 3759200 | 710492 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതു കൊണ്ടും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ എ.ഇ. നടപടികൾ സ്വീകരിക്കാതിരുന്നതും ഫണ്ട് ലാപ്സാകുന്നതിന് കാരണമായതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിനും ഫണ്ട് ലാപ്സാകുന്നില്ലായെന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-3-3 സംയുക്ത പ്രോജക്ടുകൾ-ഫണ്ട് വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിന്റെ കാരണം വ്യക്തമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-3-4 വനിതാഘടക പദ്ധതി-തുക വിനിയോഗിക്കാതെ പാഴാക്കി

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 1571700/- രൂപയാണ്. ഈയിനത്തിൽ ആകെ 1718300/- രൂപ വനിതാഘടക പദ്ധതിയ്ക്കായി അടങ്കൽ വകയിരുത്തുകയും 825100/- രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 40% മാത്രം വിനിയോഗിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് വനിതാഘടക പദ്ധതിയിൽ ഉല്പാദന മേഖലയിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ് കൂടുതൽ തുക വകയിരുത്തിയിരുന്നതെന്നും മേൽ നിർവ്വഹണ ഉദ്യോഗസ്ഥർ സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താത്തത് കൊണ്ടാണ് ചെലവ് കുറയുന്നതിന് കാരണമായതെന്നമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ ഉന്നമനത്തിന് ലക്ഷ്യമിട്ടു കൊണ്ടാണ് ഇപ്രകാരം നിശ്ചിത ശതമാനം ഓരോ മേഖലയ്ക്കുമായി വകയിരുത്തുവാൻ സർക്കാർ നിർദ്ദേശമുള്ളത് എന്നതിനാൽ അതിൽ നിന്ന് പിന്നാക്കം പോകുന്നത് ആശാവഹമല്ല. പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3-5 വയോജനങ്ങളുടെ ക്ഷേമം- വകയിരുത്തിയതിനേക്കാൾ വളരെ കുറച്ച് ചെലവഴിച്ചു

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 785850/- ആണ്. വകയിരുത്തൽ 2176770/- രൂപ ആണ്. ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 1294800/- രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 59% മാത്രമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള ചെലവ് 100%ആണെന്നും മറ്റ് പദ്ധതികൾ കോവിഡ് സാഹചര്യം മൂലമാണ് നടപ്പിലാക്കാൻ കഴിയാത്തതെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ പ്രവർത്തനകലണ്ടറിന് അനുസൃതമായി നടപ്പിലാക്കുന്നതിനും സമൂഹത്തിലെ എല്ലാജനവിഭാഗങ്ങൾക്കും പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതുമാണ്.

### 1-3-6 അഗതിരഹിത കേരളം പദ്ധതി- നടപ്പിലാക്കിയില്ല

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം ആശ്രയ പദ്ധതിയ്ക്കായി വകയിരുത്തേണ്ട ജനറൽ ഫണ്ട് സാധാരണ വിഹിതം 4,60,000/- രൂപയാണ്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ അത്തരത്തിലൊരു ചെലവില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയാണ് ആശ്രയ പദ്ധതിയെന്നും നിലവിലുള്ള ലിസ്റ്റിൽ നിലനിൽക്കുന്ന അക്ഷേപങ്ങളും അപാകതകളും ടി പദ്ധതി നടത്തിപ്പിന് തടസ്സമാണെന്നും കൂടാതെ പ്രസ്തുത പദ്ധതിയ്ക്ക് മതിയായ ഫണ്ട് വകയിരുത്താൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പാർശ്വവത്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ ഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള

പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും തികച്ചും അനുചിതമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-3-7 പട്ടികജാതി ഉപപദ്ധതിഫണ്ട്-പശ്ചാത്തലമേഖലയ്ക്ക് തുക വകയിരുത്തിയില്ല

ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം പട്ടികജാതി ഉപപദ്ധതി ഫണ്ടിൽ നിന്നും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക 13,89,900/- രൂപയാണ്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് സേവനമേഖലയിലെ പദ്ധതികൾക്കാണ് ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പുകളിലും കൂടുതൽ നിർദ്ദേശം വന്നതെന്നും അതിനാലാണ് പശ്ചാത്തലമേഖലയിൽ തുക വകയിരുത്താൻ കഴിയാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സർവോന്മുഖമായ വികസനത്തിനു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-8 ഗ്രാന്റ് യൂട്ടിലൈസേഷൻ വിനിയോഗം -അധികധനസഹായം പൂർണ്ണമായും ചെലവഴിച്ചില്ല

2.03.2021-ലെ സ.ഉ(സാധാ) നം.2247/2021/ധന., 26.02.2021-ലെ സ.ഉ(സാധ)നം.622/2021/തസ്വഭവ. എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യ കമ്മീഷൻ വിഹിതമൊഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25 ശതമാനം തുക എന്ന പരിധിയ്ക്ക് വിധേയമായി ക്യാരി ഓവർ ചെയ്ത തുകയോ ഏതാണോ കുടുതൽ അതിൽ പരിമിതപ്പെടുത്തി പണം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയതും ആ വർഷം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ സ്പിൽ ഓവർ പദ്ധതികൾക്കുള്ള ക്യാരി ഓവർ തുക അനുവദിച്ചിരുന്നു. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, എ.സി.ആർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവു തുകയും എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | സുലേഖഎക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള ചെലവ് തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 15243989 | 11888609 |
| വികസനഫണ്ട്(എസ്.സി.പി) | 4737331 | 4488507 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 4651000 | 4603958 |

2. ഗ്രാമപഞ്ചായത്തിന് ലഭ്യമായ പൊതു വിഭാഗം, പട്ടികജാതി വിഭാഗം, വികസന ഫണ്ടുകൾ യഥാക്രമം 76, 83 ശതമാനവും മാത്രമേ 2020-21-ൽ സുലേഖ പ്രകാരം ചെലവഴിച്ചിട്ടുള്ളൂ. എന്നാൽ എ.സി.ആർ, അലോട്ട്മെന്റ് എന്നിവ പരിശോധിച്ചതിൽ യഥാക്രമം 97.6, 90.4 ശതമാനവും ചെലവ് വന്നിട്ടുണ്ട്. ഇപ്രകാരം സുലേഖയിലെ ചെലവ് ശതമാനവും എ.സി.ആർ.ലെ ചെലവ് ശതമാനവും തമ്മിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. 2.03.2021-ലെ സ.ഉ(സാധാ) നം.2247/2021/ധന., 26.02.2021-ലെ സ.ഉ(സാധ)നം.622/2021/തസ്വഭവ. എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യ കമ്മീഷൻ വിഹിതമൊഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25 ശതമാനം തുക എന്ന പരിധിയ്ക്ക് വിധേയമായി ക്യാരി ഓവർ ചെയ്ത തുകയോ ഏതാണോ കൂടുതൽ അതിൽ പരിമിതപ്പെടുത്തി പണം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. 90%ത്തിൽ കൂടുതൽ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവയിൽ ചെലവഴിച്ചതിനാൽ വികസനഫണ്ട് (എസ്.സി.പി)യിൽ 579025/- രൂപയും വികസനഫണ്ട് (ജനറൽ) 1731875/- രൂപയും അധികഫണ്ടിനത്തിൽ ലഭിക്കുകയുണ്ടായി. എന്നാൽ അതിൽ വികസനഫണ്ട് (എസ്.സി.പി) 474794/- രൂപയും വികസനഫണ്ട്(ജനറൽ) 291886/- രൂപയും ലാപ്സായതായി കാണുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.30 ന് 2020-21സാമ്പത്തിക വർഷം നവംബർ, ഡിസംബർ മാസങ്ങളിൽ വികസനഫണ്ട് 100% വിനിയോഗിച്ചതുകൊണ്ടാണ് അധിക ധനസഹായം ലഭിച്ചതെന്നും തദ്ദേശ തെരഞ്ഞെടുപ്പ്, നിയമസഭാ തെരഞ്ഞെടുപ്പ് എന്നിവ കാരണമാണ് അധിക ധനസഹായം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അധികമായി നൽകിയ അലോട്ടുമെന്റ് തുക സുലേഖ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ IKM സ്വീകരിക്കാത്തതു കൊണ്ടാണ് എ.സി.ആറിലേയും സാംഖ്യയിലേയും കണക്കുകൾ തമ്മിൽ വ്യത്യാസം വന്നിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ അധികധനസഹായത്തിന് അർഹരായി എന്നത് അഭിനന്ദനാർഹം ആണെങ്കിലും അപ്രകാരം ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ലായെന്നുള്ളത് ഒരു അപാകതയാണ്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് വിശദാംശങ്ങൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3098 | 1514844 | 1517942 | 1170684 | 347258 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 67074000 | 67074000 | 67074000 | 0 |
| ആകെ | 3098 | 68588844 | 68591942 | 68244684 | 347258 |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 148080 | 211 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6467100 | 121 |
| വിധവ പെൻഷൻ | 20933800 | 152 |
| വാർദ്ധക്യകാലപെൻഷൻ | 322250400 | 250 |
| വികലാംഗപെൻഷൻ | 4407800 | 125 |
| വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 106300 | 82 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ.ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| നളിനാക്ഷി | 102280600253 | വിധവ | 04.07.20 | ആക്ടീവ് | മണന്നൂർ ഗ്രാമപഞ്ചായത്ത്.<br>നിലവിലും പെൻഷൻ കൈപ്പറ്റുന്നു.<br>മരണവിവരം മണന്നൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ബേബി.കെ | 102500200558 | വാർദ്ധക്യം | 03.09.20 | സസ്പെൻഡ് | 10/20 | 1500 |
| ലീല.കെ | 102500600296 | വാർദ്ധക്യം | 19.11.20 | സസ്പെൻഡ് | 12/20 | 1500 |
| രാജേന്ദ്രൻ.എസ് | 102500202449 | വാർദ്ധക്യം | 12.09.20 | സസ്പെൻഡ് | 10/20 | 1500 |
| ദാസൻ.കെ | 102500202612 | വാർദ്ധക്യം | 19.12.20 | സസ്പെൻഡ് | 01/21 | 1500 |
| സലീം.എ | 102470203630 | വാർദ്ധക്യം | 17.01.21 | ആക്ടീവ് | കല്ലറ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം കല്ലറ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| | | | | | ആകെ | 6,000/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാമനപുരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. വാമനപുരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/08.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 6,000/- രൂപ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-5-2 ക്ഷേമ പദ്ധതി രജിസ്റ്ററുകളുടെ പരിശോധന

1. വിവിധ ക്ഷേമപദ്ധതികളുടെ 2020-21 വർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ രജിസ്റ്ററുകളൊന്നും തന്നെ പൂർണമല്ല എന്നു കാണുന്നു. പെൻഷനുള്ള അപേക്ഷ ലഭിച്ച തീയതി, അപേക്ഷകന്റെ പേര് എന്നിവ മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നത്. അപേക്ഷയിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം (അംഗീകാരം/നിരസിക്കൽ, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, അനുവദിച്ച പെൻഷൻ നം. എന്നിവ) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കർഷക തൊഴിലാളി പെൻഷൻ രജിസ്റ്റർ പ്രകാരം 2020-21 ൽ ശ്രീമതി ഓമനകുമാരി അമ്മ.എസ്, ഇന്ദിരാലയം, മാവേലി നഗർ എന്ന വ്യക്തി പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു.

എന്നാൽ ബന്ധപ്പെട്ട അപേക്ഷ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. തൊഴിൽരഹിത വേതനപദ്ധതിയുടെ അക്വിറ്റൻസ് രജിസ്റ്ററാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ അപേക്ഷകരുടെ വിവരം കാണിക്കുന്ന ഫോറം നം. 4 ലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 41/10.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷേമപദ്ധതികൾ സംബന്ധിച്ച് പരിപാലിക്കേണ്ടുന്ന എല്ലാ രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട അപേക്ഷകൾ സഹിതം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്,

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2022 തീയതി ഉച്ചയ്ക്കുശേഷം 02.34 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18325/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. ഇപ്രകാരമുള്ള യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2020ൽ പുതുക്കി പ്രസിദ്ധീകരിച്ച പൌരാവകാശ രേഖയുടെ പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

ജി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ഗ്രാമപഞ്ചായത്തിലെ ടോക്കൺ സമ്പ്രദായം പ്രവർത്തനക്ഷമമല്ല.

5)ലഭ്യമാക്കിയ പരാതി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. ഉദാഹരണം 5/20ലെ B3-2246/20, 1/21ലെB4-821/20 (നമ്പരും പേരും മാത്രം)

6)ഗ്രാമപഞ്ചായത്തിന് 8.04.19ന് ലഭ്യമായ ISO സർട്ടിഫിക്കറ്റിന് (നമ്പർ TQS/Q-532) 07.04.2022വരെ കാലാവധിയുണ്ട്.
7) വിവരങ്ങൾ സംബന്ധിച്ചതും മറ്റു രജിസ്റ്ററുകളും പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

## 1-8 രജിസ്റ്ററുകളുടെ പരിപാലനം

1. സ്റ്റാറ്റസ് റിപ്പോർട്ട് - അപാകതകൾ

പഞ്ചായത്തിലെ യഥാർത്ഥ അവസ്ഥ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിഫലിക്കുന്നില്ല. ഉദാ: തൻവർഷം എബിസി പദ്ധതിക്കായി 2,10,000/-രൂപ കൈമാറുകയും 100 തെരുവു നായ്ക്കളെ വന്ധ്യംകരിച്ചതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിലും (18-19, 19-20) 100 വീതം നായ്ക്കളെ വന്ധ്യംകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തൻവർഷം എബിസി പദ്ധതി നടപ്പാക്കിയിട്ടില്ല. തെരുവു നായ്ക്കളുടെ എണ്ണവും ലഭ്യമല്ല.

ഇതു സംബന്ധിച്ച് നല്കിയ 53/2021/11-02-22 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിപാലിക്കുന്നതിനും പരിഷ്കരിച്ച് കാലികമാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. പൗരാവകാശ രേഖ

പൗരാവകാശ രേഖ പരിശോധനയ്ക്ക് ലഭ്യമായില്ല. തൻവർഷം പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് ജനങ്ങൾക്കു വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പിന് (53/2021/11-02-22) മറുപടി ലഭ്യമായില്ല. പൗരാവകാശ രേഖ നിർബന്ധമായും പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ രേഖപ്പെടുത്തലുകളൊന്നുമില്ല. ഫയൽ ചെയ്ത കേസ്സുകളുടെ വിശദാംശം, കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ, വക്കീലിനു അനുവദിച്ച ആകെ ഫീസ്, കേസ്സിന്റെ തീർപ്പ്, തീർപ്പാക്കിയ കേസ്സുകൾ എന്നീ വിശദാംശങ്ങളൊന്നും ലഭ്യമല്ല. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (53/2021/11-02-22) മറുപടി ലഭ്യമായില്ല. സ്യൂട്ട് രജിസ്റ്റർ കാലികമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി നിർണയം - അപാകതകൾ

എ) വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കണ്ടെത്തി.

| ക്രമ നം. | ഫയൽ നമ്പർ | കെട്ടിട നമ്പർ | അപാകത |
|---|---|---|---|
| 1 | A2/4473/20 | 12/114 A | ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണം 24.12 ച.മീ ആണ്. എന്നാൽ സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണം 21.12 ച.മീ ആണ്. |

ബി) നികുതി നിർണയം - ഫയലുകളിലെ രേഖകൾ പൂർണമല്ല.

2020-21 വർഷം പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ നമ്പറിംഗ്, നികുതി നിർണയം എന്നിവ സംബന്ധിച്ച് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം. | അപേക്ഷകന്റെ പേര് | അപാകത |
|---|---|---|
| A2/2077/20 | ബാബു,വി | ഫീൽഡ് സ്റ്റാഫിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് ഇല്ല.<br>കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരമുള്ള ഫാറം നമ്പർ2 അപേക്ഷകൻ സമർപ്പിച്ചിട്ടില്ല.<br>കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ ഫോം 6 ചേർത്തിട്ടില്ല. |
| A2/1990/20 | ലീലാമണി.എൻ | |
| A2/4473/20 | രമണി | |
| A2/4639/20 | ബാബു | |
| A2/1702/20 | രാധാകൃഷ്ണൻ നായർ | കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്ത് നമ്പറിംഗിന് അപേക്ഷിച്ചെങ്കിലും റഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി കാണുന്നില്ല.<br>പൂർത്തീകരണ പ്ലാനിൽ പ്രധാന വഴിയുടെ വീതി രേഖപ്പെടുത്തിയിട്ടില്ല.<br>കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരമുള്ള ഫാറം നമ്പർ2 അപേക്ഷകൻ സമർപ്പിച്ചിട്ടില്ല.<br>കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ ഫോം 6 |

| ഫയൽ നം. | അപേക്ഷകന്റെ പേര് | അപാകത |
|---|---|---|
| | | ചേർത്തിട്ടില്ല. |
| A2/3829/20 | തുളസീധരൻ | കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്ത് നമ്പറിംഗിന് അപേക്ഷിച്ചെങ്കിലും റഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി കാണുന്നില്ല.<br>കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരമുള്ള ഫാറം നമ്പർ 2 അപേക്ഷകൻ സമർപ്പിച്ചിട്ടില്ല.<br>കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ ഫോം 6 ചേർത്തിട്ടില്ല. |

ലഭ്യമാക്കിയ ഫയലുകളിലൊന്നും തന്നെ ഫാറം 6 ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 56/14.02.22 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ തെറ്റുകൾ തിരുത്തുന്നതാണെന്നും ഭാവിയിൽ ഇത്തരം തെറ്റുകൾ ഉണ്ടാകാതെ ജാഗ്രത പാലിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ റഗുലറൈസേഷൻ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

സി) രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

ഫോറം 8 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 60/14.02.22 ന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ അവ ഹാജരാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്റർ, വസ്തു നികുതി നിർണയ രജിസ്റ്റർ എന്നിവ മാത്രമാണ് ലഭ്യമാക്കിയത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-9-1 മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/07.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-9-2 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം

ഗ്രാമപഞ്ചായത്തിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് 7 മാത്രം പരിശോധിച്ചതിൽ ഉദാഹരണമായി,

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 7/2 | സുനിൽകുമാർ | കാരേറ്റ് കല്ലറ റോഡ് | ത്രിതീയം |
| | 7/2 B | | കാരേറ്റ് കല്ലറ റോഡ് | ദ്വിതീയം |
| 2 | 7/158 | അശോകൻ.കെ.വി | കാരേറ്റ് കല്ലറ റോഡ് | ത്രിതീയം |
| | 7/158 A | | കാരേറ്റ് കല്ലറ റോഡ് | ദ്വിതീയം |
| 3 | 7/211 A | ഇന്ദിര | പൂപ്പുറം ഇരുകുളം പണയിൽ | ദ്വിതീയം |
| | 7/211 F | | പൂപ്പുറം ഇരുകുളം പണയിൽ | ത്രിതീയം |
| 4 | 7/281 | ബി.സോമ ശേഖരൻ | പേഴുംമൂട് ആനക്കുഴിക്കര കാഞ്ഞിരംപാറ | ത്രിതീയം |
| | 7/281 A | | പേഴുംമൂട് ആനക്കുഴിക്കര കാഞ്ഞിരംപാറ | ദ്വിതീയം |
| | 7/282 | | പേഴുംമൂട് ആനക്കുഴിക്കര കാഞ്ഞിരംപാറ | ത്രിതീയം |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.56/14.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേഖലാ നിർണയം സംബന്ധിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടത്തി സഞ്ചയയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണെന്ന്

അറിയിച്ചിരിക്കുന്നു. മേഖല നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-9-3 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകരും 2020 മാർച്ച് 31 ന മുൻപായി സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരമൊരു രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന 1 മുതൽ 5 വരെയുള്ള വാർഡുകളുടെ പരിശോധന നടത്തിയതിൽ 2020-21 വർഷത്തെ നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര്, വിലാസം | റിമാർക്സ് |
|---|---|---|---|
| 1 | 1/131 | ബാബു, നന്തി | |
| 2 | 1/216 | സത്യനേശൻ, ചാലുവിള വീട് | |
| 3 | 1/216 B | സത്യനേശൻ.ബി, ഭാസ്കര ഭവൻ | |
| 4 | 1/274 A | ശ്യാമള, ജി.എസ്.ഭവൻ | |
| 5 | 1/406 | പി.ഓമന, സ്വപ്നഹിൽ | |
| 6 | 1/453 | ഷാനോൺ.എൻ.ആർ, അക്ഷിതം | |
| 7 | 1/505 | ദേവദാസൻ, ഉണ്ടുവിള വീട് | |
| 8 | 2/19 | എസ്.ആർ.ജലജാനന്ദ, എസ്.ആർ നിവാസ് | 2018-19 ഒന്നാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 9 | 2/38 | കെ.ജി.ബിന്ദു, കല്ലുകുന്നുവിള വീട് | 2017-18 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 10 | 2/122 | പ്രസേനൻ, ചരുവിള പുത്തൻവീട് | |
| 11 | 2/254 | രവികുമാരൻ നായർ, മണ്ണൂർ വീട് | |
| 12 | 2/377 A | വിശ്വംഭരൻ.സി, വിളയിൽ വീട് | |
| 13 | 3/72 | രഞ്ജിത്.കെ.നായർ, പദ്മാലയം | 2016-17 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. കൂടാതെ ഉമസ്ഥാവകാശം മാറിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്പോഴും വിമുക്തഭടന്റെ പേരിൽ തന്നെയാണ് കെട്ടിടം. |
| 14 | 3/147 | സുരേന്ദ്രൻ നായർ, വിഷ്ണുലോകം | 2017-18 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 15 | 3/254 | അഭയകുമാർ, അഭയം | |

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര്, വിലാസം | റിമാർക്ക്സ് |
|---|---|---|---|
| 16 | 3/317 | ഉണ്ണികൃഷ്ണൻ, ചന്ദ്രപ്രഭ | |
| 17 | 3/457 | മുരളീധരൻ നായർ, മുരളീഗീതം | |
| 18 | 3/459 | വി.വിജയകുമാർ, ശ്യാമളാലയം | 2004-05 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 19 | 4/209 A | സന്തോഷ് കുമാർ.എസ്, ശ്രീലകം | |
| 20 | 4/227 | നാരായണൻ നായർ, ശ്രീ ഭവൻ | |
| 21 | 4/239 | കൃഷ്ണപിള്ള, എസ്.കെ.വി നിവാസ് | |
| 22 | 4/386 | അനുപമ, മേക്കുംമുറി വെള്ളാരിവീട് | |
| 23 | 4/391 | മധുസൂദനൻ, കെ.കെ വീട് | ഒരേ വ്യക്തിയുടെ പേരിലുള്ള 2 വീടിന് നികുതി ഇളവ് അനുവദിച്ചിരിക്കുന്നു. 2006-07 രണ്ടാം അർദ്ധവർഷം വരെയാണ് 4/392 നം. കെട്ടിടത്തിന് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 24 | 4/392 | മധുസൂദനൻ, കെ.കെ വീട് | |
| 25 | 4/459 | ഇന്ദു, ഇന്ദീവരം | 2013-14 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു |
| 26 | 4/640 | ജയകുമാർ, ദേവരാഗം | |
| 27 | 5/15 | ഭാർഗ്ഗവൻ നായർ, എസ്.എസ്.ഭവൻ | |
| 28 | 5/80 | ജമീലാബീവി, സജീന മൻസിൽ | ഒരേ വ്യക്തിയുടെ പേരിലുള്ള 2 വീടിന് നികുതി ഇളവ് അനുവദിച്ചിരിക്കുന്നു. കെട്ടിടങ്ങൾക്ക് 2013-14 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 29 | 5/81 | എം.ജമീലാബീവി, സജീന മൻസിൽ | |
| 30 | 5/265 | കൃഷ്ണൻകുട്ടി, നിഷാന്ത് ഭവൻ | |
| 31 | 5/276 | ലീല, ലീല മന്ദിരം | ഒരേ വ്യക്തിയുടെ പേരിലുള്ള 2 വീടിന് നികുതി ഇളവ് അനുവദിച്ചിരിക്കുന്നു. 5/277 നം. കെട്ടിടത്തിന് 2013-14 രണ്ടാം അർദ്ധവർഷം വരെയാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴും ഇളവ് നിലനിൽക്കുന്നു. |
| 32 | 5/277 | ലീല, ലീല സദനം | |
| 33 | 5/289 | സരളകുമാരി അമ്മ, ആർ.എസ് മന്ദിരം | ഒരേ വ്യക്തിയുടെ പേരിലുള്ള 2 വീടിന് നികുതി ഇളവ് അനുവദിച്ചിരിക്കുന്നു. |
| 34 | 5/289 | സരളകുമാരി അമ്മ, ആർ.എസ് മന്ദിരം | |
| 35 | 5/313 | സജി, തേവരുതോട്ടം | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.48/11.02.22 ന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും പരിശോധന നടത്തി ഇളവ് ലഭിച്ച അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-9-4 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

1. 2020-21 ൽ നമ്പറിംഗ് പൂർത്തിയായതും 60 ച.മീ (660 ചതുരശ്ര അടി) ൽ താഴെ വിസ്തീർണ്ണമുള്ളതുമായ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണയത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട ഉടമകൾ ആരും തന്നെ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലാത്ത ടി കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | വിസ്തീർണം (ച.മീ) | പേര് /വിലാസം | ഫയൽ നം. |
|---|---|---|---|---|
| 1 | 12/114 A | 21.12 | രമണി, ചരുവിള പുത്തൻ വീട് | A2-4473/20 |
| 2 | 13/387 B | 48.7 | രാജേഷ്, വട്ടപ്പാറ ചരുവിള വീട് | A2-4678/20 |
| 3 | 10/401 A | 45.89 | ബാബു, ചരുവിള പുത്തൻവീട് | A2-2077/20 |
| 4 | 11/164 A | 37.93 | ലീലാമണി.എൽ, ലാൽമന്ദിരം | A2-1990/20 |
| 5 | 7/126 A | 45 | ബീന, ചരുവിള പുത്തൻവീട് | A2-4473/19 |
| 6 | 12/69 C | 17.84 | സുകുമാരൻ നായർ, സുകുമാര വിലാസം | A2-4027/20 |
| 7 | 13/144 A | 48.32 | തുളസീധരൻ, രാജി ഭവൻ | A2-3829/20 |
| 8 | 13/226 B | 39.1 | രജി, ചരുവിള പുത്തൻവീട് | A2-4639/20 |
| 9 | 5/143 A | 55 | മഞ്ജു, രാജലക്ഷ്മി ഭവൻ | A2-4704/20 |
| 10 | 4/611 B | 30.09 | സാബു.സി.ഐ, പി.വി.ഹൗസ് | A2-5141/20 |

2. സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 3/126 A | രഞ്ജു.പി, ഊരകത്ത് പുത്തൻ വീട് |
| 2 | 4/24 C | ഗിരി.എസ്, മാനസനിള |
| 3 | 4/137 C | ഗണേശൻ, സാരംഗി |
| 4 | 5/148 A | സുരേന്ദ്രൻ, കുന്നിൽ വീട് |
| 5 | 5/157 A | മണിയൻ, വിളയിൽ വീട് |
| 6 | 5/186 A | ഹബൂസാബീവി, ഹസീനാ മൻസിൽ |
| 7 | 6/152 B | സനിത.കെ.വി, പൂപ്പുറത്ത് വീട് |
| 8 | 7/122 A | സീമന്തിനി, പാറവിള വീട് |
| 9 | 7/211 A | ഇന്ദിര, ഇന്ദിരാലയം |
| 10 | 8/100 A | അനി.ആർ, ഐശ്വര്യ |
| 11 | 8/338 A | ചന്ദ്രകുമാർ.ജി, കടവിളാകത്ത് വീട് |
| 12 | 8/420 A | ലതിക.എസ്, പൊയ്കയിൽ സദനം |
| 13 | 12/64 A | ജസിയ.എം, മണലിവിളാകത്ത് വീട് |
| 14 | 12/106 A | ഓമന.റ്റി, ചരുവിള വീട് |
| 15 | 13/77 A | വിനീത.ബി.എസ്, ബി.എസ്.വി, സദനം |
| 16 | 15/96 A | അഞ്ജു.എസ്, അഞ്ജു നിവാസ് |

| | | |
|---|---|---|
| 17 | 15/132 A | ലാലി/വിനോദ് കുമാർ, അമ്പാടി നിവാസ് |
| 18 | 15/197 B | രാധ, കുഴിവിള വീട് |
| 19 | 15/288 A | ജി.വിജയൻ, പനയറക്കോണത്ത് വീട് |

ബി) മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഡ് 1 മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/2 | ലതിക.കെ, ബിബി നിലയം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 1/3 | സിന്ധു, കുഴിയിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 1/6 | ലാലി.എസ്.എസ്, അമ്പാടി നിവാസ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 1/18A | ചിന്താമണി, മംഗലത്ത് വീട് | 2013രണ്ടാം അർദ്ധ വർഷം മുതൽ |
| 5 | 1/19 | സാവിത്രി.കെ, ചരുവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 1/29 | ലീന, പുല്ലുവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 1/30 | ബാബു, പുല്ലുവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 1/32 | സുരേഷ്, എസ്എസ് ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 1/33 | സുരേന്ദ്രൻ, പുല്ലുവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 1/35 | സുഭാഷ്, എസ്പി നിവാസ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 11 | 1/36 | സത്യഭാമ, ഈച്ചൻവിളാകം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 12 | 1/37 | സരള, ഈച്ചൻവിളാകം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 1/43 | സഹദേവൻ, ഈച്ചൻവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 14 | 1/46 | കമലാക്ഷി, കൊച്ചുവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 15 | 1/47 | രാമൻകുട്ടി ആശാരി, വലിയവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 16 | 1/47 എ | ഷീല, വലിയവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 17 | 1/51 | സഹദേവൻ, വലിയവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 18 | 1/56 | ശോഭന, പച്ചീക്കോണത്ത് വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 19 | 1/57 | ഭായി, പച്ചീക്കോണത്ത് വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 20 | 1/58 | സോമദാസൻ, പച്ചീക്കോണത്ത് വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 21 | 1/63 | സഹദേവൻ, വലിയവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 22 | 1/65 | ശ്രീധരൻ, വിളയിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 23 | 1/66 | ചന്ദ്രബാബു, സിഎസ് ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 24 | 1/75 | കെ.ശ്രീധരൻ, പച്ചീക്കോണത്തു വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 25 | 1/82 | ധരണീരൻ, ധളിൻ നിവാസ് | 2014ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 26 | 1/85 | മീനാക്ഷി, അശ്വതി ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 27 | 1/88 | രാധാ, മണലിപൊയ്ക വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 28 | 1/95 | ശാന്ത, ചരുവിള പുത്തൻ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 29 | 1/138 A | എസ്എസ് ആശ, നിഷ ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 30 | 1/192 | സത്യശീലൻ, കലഭവൻ | 2014രണ്ടാം അർദ്ധ വർഷം മുതൽ |
| 31 | 1/217 | ശാരദ.ബി, ചാലുവിള വീട് | 2014രണ്ടാം അർദ്ധ വർഷം മുതൽ |
| 32 | 1/234 | സൗമ്യ, വടക്കേക്കര പുത്തൻ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 33 | 1/250 | ബാബു, മുട്ടത്തറ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 34 | 1/258 | കെ.ജാനകി, കളിയിലിൽ വീട് | 2013രണ്ടാം അർദ്ധ വർഷം മുതൽ |
| 35 | 1/264 | ബി.ചെല്ലപ്പൻ നായർ, കടകളിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 36 | 1/268 | ലതിക കുമാരി, കാഞ്ഞിരവിളാകത്ത് വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 37 | 1/270 | എസ്.ചെല്ലപ്പൻ, മേലേവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 38 | 1/276 | എൻ.സുകുമാരൻ, കുഴിവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 39 | 1/278 | രഘുനാഥ്, കുഴിവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 40 | 1/279 | സത്യഭാമ, പാലൂർവീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 41 | 1/282 | കെ.ജി.വാമദേവൻ, പാലൂർ കടകളിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 42 | 1/291 | രാജേന്ദ്രൻ, റിൻസി ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 43 | 1/292 | കെ.ആർ.ഭാസി, ഊളൻവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 44 | 1/293 | അനുപമ.എസ്.ആർ, നിഷഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 45 | 1/306 | ആർ.സത്യശീലൻ, നിഷഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 46 | 1/398 | സുഭദ്ര, കണ്ണാർക്കര വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 47 | 1/432 | കെ.രവീന്ദ്രൻ, സാലി ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 48 | 1/434 | സുരേഷ് ബാബു, പ്രണവം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 49 | 1/442 | ശോഭന, ഷീജ ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 50 | 1/461 | കമലാക്ഷി, കമലാലയം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 51 | 1/465 | സുകുമാരൻ, മാഞ്ചോലയിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 52 | 1/466 | ഷാൻ.എ, ഷാജു മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 53 | 1/475 | റ്റി.തങ്കപ്പൻ, വിളയിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 54 | 1/497 | എൽ.സുശീല, ചെമ്പകം കട്ടക്കാലിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 55 | 1/498 | അനിത, ബിജു, ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 56 | 1/509 | മോഹനൻ, പള്ളിമാങ്കുഴി വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 57 | 1/515 | ഷാജി, മേലേവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 58 | 1/517 | ദിവാകരൻ, കാവുവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 59 | 1/528 | സുജാത, കുന്നത്തുവീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 60 | 1/533 | ബേബി, മഠം വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |

സി) ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമാണ് നികുതി ഒഴിവാക്കൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 5 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/158 | ചന്ദ്രബാബു, കുളങ്ങര വീട് |
| | 1/159 | ചന്ദ്രബാബു, കുളങ്ങര വീട് |
| 2 | 1/208 | നടരാജൻ, വിപിൻ ഭവൻ |
| | 1/209 | നടരാജൻ, വിപിൻ ഭവൻ |
| 3 | 1/234 | സൗമ്യ, വടക്കേക്കര പുത്തൻ വീട് |
| | 1/234 എ | സൗമ്യ, വടക്കേക്കര പുത്തൻ വീട് |
| 4 | 1/277 | രഘുനാഥ്, കുഴിവിള വീട് |
| | 1/278 | രഘുനാഥ്, കുഴിവിള വീട് |
| 5 | 1/306 | ആർ.സത്യശീലൻ, നിഷഭവൻ |

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| | 1/311 | സത്യശീലൻ, നിഷഭവൻ |
| 6 | 1/378 എ | ഗിരിജ.കെ.പി, സജി നിവാസ് |
| | 1/378 ബി | ഗിരിജ, സജി നിവാസ് |
| 7 | 1/413 | രാധാമണി, രാധാ ഭവൻ |
| | 1/414 | രാധാമണി, രാധാ ഭവൻ |
| 8 | 1/429 | ഗോപി, കുത്താട്ടുവിള വീട് |
| | 1/430 | ഗോപി, കുത്താട്ടുവിള വീട് |
| 9 | 1/507 | ഉഷാര.റ്റി.എൽ, പള്ളിമാങ്കുഴി വീട് |
| | 1/507 എ | ഉഷാര.റ്റി.എൽ, പള്ളിമാങ്കുഴി വീട് |
| 10 | 2/92 A | ബീന, തെരിവിള പുത്തൻവീട് |
| | 2/94 | ബീന, തെരിവിള പുത്തൻവീട് |
| 11 | 2/133 | പ്രഭാകരൻ, വിളയിൽ വീട് |
| | 2/136 | പ്രഭാകരൻ, വിളയിൽ വീട് |
| 12 | 2/148 | മണിയൻ, കണ്ണാട്ടുകര വീട് |
| | 2/148 എ | മണിയൻ, കണ്ണാട്ടുകര വീട് |
| 13 | 3/410 | സുഭദ്ര അമ്മ, ചന്ദ്രവിലാസം |
| | 3/411 | സുഭദ്രാമ്മ, ചന്ദ്രവിലാസം |
| 14 | 4/137 എ | ഗണേശൻ, സാരംഗി |
| | 4/137 ബി | ഗണേശൻ, സാരംഗി |
| 15 | 4/224 | അമ്പിളി, ചെറുമണ്ണൂർ വീട് |
| | 4/225 | അമ്പിളി, ചെറുമണ്ണൂർ വീട് |
| 16 | 4/426 | സുഭദ്ര അമ്മ, വസുമതി മന്ദിരം |
| | 4/432 | സുഭദ്ര അമ്മ, വസുമതി മന്ദിരം |
| 17 | 4/606 | ജയകുമാരി, ആർ.എസ്.ഭവൻ |
| | 4/607 | ജയകുമാരി, ആർ.എസ്.ഭവൻ |
| 18 | 5/410 | പൊന്നമ്മ, വലിയവിളാകത്ത് വീട് |
| | 5/410 എ | പൊന്നമ്മ, വലിയവിളാകത്ത് വീട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 57/14.02.22 ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത ഉടമസ്ഥരുടെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതും കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചതും ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

2020-21 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട നം. | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം./തീയതി | തുക |
|---|---|---|---|
| 4/112A | കെ.വിജയകുമാരി | 120010101173/15.10.20 | 656 |
| 4/471 | രമാദേവി | 120010102850/20.01.21 | 82 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 45/10.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. തുടർവർഷത്തെ ഡിമാന്റിൽ ഉൾപ്പെടാത്തതിനാൽ വസ്തുനികുതി വരവിൽ കുറവ് സംഭവിക്കും. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11 കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല. കൂടാതെ പെർമിറ്റ് ഫീസ് സംബന്ധിച്ച രേഖപ്പെടുത്തലുകളും പൂർണമല്ല.

2. ക്രമവൽക്കരണ രജിസ്റ്റർ പരിപാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം ക്രമവൽക്കരണം സംബന്ധിച്ച് അനുബന്ധം - J ഫോറത്തിലുള്ള ഒരു രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നതായി കാണുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്.

3. പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി എഴുതുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 52/11.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കേണ്ടതും അവ പൂർണമാക്കി, കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

4. ഫയലിലെ രേഖകൾ പൂർണമല്ല.

എ) ക്രമവല്ക്കരണ ഫയൽ നം. A2-4352/20 – വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

ബി) പൗൾട്രി ഫാം നിർമ്മാണത്തിനുള്ള പെർമിറ്റ് ഫയൽ നം. A2-2249/20 – പഞ്ചായത്തിൽ നിന്നുള്ള 18.06.20 ലെ കത്ത് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയും അഗ്നിശമനസേന ഓഫീസിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അഗ്നിശമനസേന ഓഫീസിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ല.

5. കെട്ടിട നിർമ്മാണ പെർമിറ്റ് ക്രവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 135 പ്രകാരം ക്രമവല്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ലഭ്യമാക്കിയ ക്രമവല്ക്കരണത്തിനുള്ള 3 അപേക്ഷകളിലും ക്രമവല്ക്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത് എന്നു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷകന്റെ പേര്, വിലാസം |
|---|---|---|
| 1 | A2-4352/20 | ശ്രീ.ഷിബു.എ, സോലിയ മഹൽ |
| 2 | A2-3978/20 | ശ്രീ.അനുകൃഷ്ണൻ, കൃഷ്ണഭവൻ |
| 3 | A2-4786/20 | ശ്രീ.സംഗീത്.ആർ, സിമി ഭവൻ |

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015 ലെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിൽ മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.51/11.02.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ലാത്ത അപേക്ഷകരിൽ നിന്നും അടിയന്തിരമായി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. മറ്റ് അപാകതകൾക്ക് മറുപടി നൽകിയിട്ടില്ല. പെർമിറ്റ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വളർത്തു മൃഗങ്ങളുടെ ലൈസൻസ് - അപാകതകൾ

(എ) 2021-21 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ആകെ നായ്ക്കളുടെ എണ്ണം 1486, ഇതിൽ ലൈസൻസുള്ളവ 4 എണ്ണവും. ലൈസൻസ് രജിസ്റ്റർ, വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലുള്ള ആകെ വരവ് (8 നായ്ക്കൾക്ക് 50/-രൂപ നിരക്കിൽ) 400/- രൂപയുമാണ്. 1486 നായ്ക്കളുള്ള പഞ്ചായത്തിൽ ലൈസൻസ് 8 നായ്ക്കൾക്കു മാത്രമായി കുറഞ്ഞതിന് കാരണം വ്യക്തമല്ല.

(ബി) തൻവർഷം എബിസി പദ്ധതിക്കായി 210000/-രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറുകയും 100 തെരുവുനായ്ക്കളെ വന്ധ്യംകരിച്ചതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തൻവർഷം പഞ്ചായത്തിൽ എബിസി പദ്ധതി നടത്തിയിട്ടില്ല. എബിസി പദ്ധതിക്കായി 210000/-രൂപ തൻവർഷം ചെലവു ചെയ്തുവെങ്കിലും പദ്ധതി നടത്തിപ്പ് നിർവഹണ ഉദ്യോഗസ്ഥനോ, മോണിട്ടറിംഗ് സമിതിയോ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ പരിശോധന നടത്തിയിട്ടില്ല.

(സി) പഞ്ചായത്തിലെ 100 തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് കുടുംബശ്രീക്ക് 210000/-രൂപ കൈമാറുകയും ആയതു വിനിയോഗിച്ചതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരുവു നായ്ക്കളുടെ എണ്ണം ലഭ്യമല്ല.

മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/2021/09-2-22) മറുപടി ലഭ്യമാക്കിയില്ല. വളർത്തു മൃഗങ്ങളുടെ ലൈസൻസ് പിരിവ്, തെരുവു നായ്ക്കളുടെ നിയന്ത്രണം മുതലായ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് - വരുമാന നഷ്ടം

ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്നു കാണുന്നു. അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയ നികുതി തൊഴിൽ നികുതി തിട്ടപ്പെടുത്തുന്നതിനുള്ള പട്ടികയിലെ നിരക്കുകളേക്കാൾ കുറവായതിനാൽ ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരും തസ്തികയും | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | അർദ്ധ വർഷം |
|---|---|---|---|---|---|
| അഖിൽ കൃഷ്ണ വില്ലേജ് അസിസ്റ്റന്റ് | വില്ലേജ് ഓഫീസ് വാമനപുരം | 139800 | 1000 | 1250 | Ist Half |
| മിനി.എസ്.എ ഓവർസീയർ | എൽ.എസ്.ജി.ഡി. വാമനപുരം | 142800 | 1000 | 1250 | 1st Half |
| സീന.സി.സേനൻ ക്ലർക്ക് | എൽ.എസ്.ജി.ഡി. വാമനപുരം | 142800 | 1000 | 1250 | 1st Half |

ഇതു സംബന്ധിച്ച് 10.02.2022 തീയതിയിൽ 36 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവുവന്ന നികുതി തുക പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. തൊഴിൽ നികുതി ചുമത്തുന്നതിനായി വരുമാനം സംബന്ധിച്ച് ജീവനക്കാർ ലഭ്യമാക്കിയ നിർദ്ദിഷ്ട ഫോമിൽ എല്ലാ വിവരങ്ങളും കൃത്യമായി ചേർത്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

A) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 1 മുതൽ 4 വരെയുള്ള വാർഡുകളിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ല.

| സീരിയൽ നമ്പർ | വാർഡ് | കെട്ടിട നമ്പർ | ഉടമസ്ഥൻ | സ്ഥാപനം |
|---|---|---|---|---|
| 1 | 1 | 39 | രാജേഷ്. ആർ,പുതുവൽ വീട്,പൂവണത്തുംമൂട് | ദേവി സ്പൈസസ് |
| 2 | 1 | 369 | ഷൈനി നിഷുരാജ് ,നിഷു കോട്ടേജ് | എനർജി ഇൻഫ്രാ പ്രൊജക്ട്സ് കൺസൾട്ടന്റ് ഓഫീസ് |
| 3 | 2 | 421 | ഷൗക്കത്തലി, ആലിയ കോട്ടേജ്, കോട്ടുകുന്നം | അൽ ഹയാത്ത് പൗൾട്രി ഫാം |
| 4 | 3 | 304 | ശാന്ത, വി.കെ ഭവൻ,മാവേലി നഗർ | ടീ ഷോപ്പ് |
| 5 | 3 | 162B | ദീപ, പുളിമൂട് വീട്, വക്കം | എ.എ ഏജൻസീസ് |
| 6 | 3 | 162C | പ്രമഥചന്ദ്രൻ.ജി, വിളയിൽ വീട്, വലിയകണിച്ചോട് | അശ്വിൻ ഏജൻസീസ് |
| 7 | 3 | 162D | അനീഷ്.എം, വിളയിൽ വീട് | അസ്വാദ് ഏജൻസീസ് |
| 8 | 4 | 543 | ലത്തീഫാ ബീവി, ലത്തീഫാ മൻസിൽ, മതിര. | ബിസ്മില്ല ബേക്കറി |

| സീരിയൽ നമ്പർ | വാർഡ് | കെട്ടിട നമ്പർ | ഉടമസ്ഥൻ | സ്ഥാപനം |
|---|---|---|---|---|
| 9 | 4 | 183A | ബിന്ദു.വി, വിളയിൽ വീട്,മേലാറ്റുമൂഴി. | മംഗ്ലാവിൽ പൗൾട്രി കട്ടിംഗ് സെന്റർ |
| 10 | 4 | 440 | അനിൽ കുമാർ, രോഹിണി നിലയം | കേരള ട്രേഡേഴ്സ് |
| 11 | 4 | 31 | അശോകൻ, കെ.പി.കോട്ടേജ്, കണിച്ചോട് | ലക്ഷ്മി ഫർണിച്ചർ ഇൻഡസ്ട്രീസ് |
| 12 | 4 | 262,263 | രണകുമാർ. ബി.വി, ഡിവൈൻ വില്ല, പേരൂർക്കട | ബോട്ടം ലാബ് |
| 13 | 4 | 275B | മഹേഷ്. ജെ. എസ്.,ചേരിയിൽ വീട്, വാമനപുരം | ചേരിയിൽ സ്പൈസസ് |
| 14 | 4 | 275A | സുജ, ചൊവ്വറ വീട്, കോട്ടുകുന്നം | ചൊവ്വറ ഫാൻസി |
| 15 | 4 | 55 | ബിജിൻ ചന്ദ്രൻ, ശിവാനി ഭവൻ, വാഴ്വേലിക്കോണം | കോക്കൈൽ ജെന്റ്സ് ബ്യൂട്ടീപാർലർ |
| 16 | 4 | 336A | ഗിരീഷ്കുമാർ, ഗ്രീഷ്മം, മാവേലി നഗർ | ഹോട്ടൽ കുറ്റൂർ |
| 17 | 4 | 184A | ഷൈജു. എസ്., ഷൈജു വിലാസം, വാഴ്വേലിക്കോണം | ശിവശക്തി വർക്ക് ഷോപ്പ് |
| 18 | 4 | 500 | സജു ലാൽ. എൽ. എസ്., ശ്രീഭവൻ, കണിച്ചോട് | ലാൽ ഇലക്ട്രോണിക്സ് |
| 19 | 4 | 382 | വാവ. കെ, ജോബി ഭവൻ, പഴയ ചന്ത, കല്ലറ | ശാംസ്താംഭാഗം ഹോളോബ്രിക്സ് |
| 20 | 4 | 441B | രാധാകൃഷ്ണൻ. വി, കാർത്തികഭവൻ, കുറുമ്പയം, കല്ലറ | കേരള മാർക്കറ്റിംഗ് ഏജൻസീസ് |

ആയതിനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/05-02-2022നുള്ള മറുപടിയായി ലഭ്യമാക്കിയത് കോവിഡ്-19 ന്റെ വ്യാപനം മൂലമുള്ള ലോക്ക് ഡൗണിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020-21 വർഷത്തെ വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പിഴയില്ലാതെ പുതുക്കാനുള്ള കാലാവധി സ.ഉ.(സാധാ)നം.1683/2021/ത.സ്വ.ഭ.വ പ്രകാരം 31-12-2021 വരെ നീട്ടി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ കാലാവധിക്കുള്ളിൽ തന്നെ മേൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

B) മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ മെഷീൻ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും അതിനുള്ള ഫീസ് അടച്ചിട്ടില്ല.

| വാർഡ് | കെട്ടിട നമ്പർ | ഉടമസ്ഥൻ | സ്ഥാപനം | ഉപകരണം | പവർ |
|---|---|---|---|---|---|
| 4 | 381B | സന്തോഷ് കുമാർ | ശ്രീശാസ്ത വർക്ക്ഷോപ്പ് | വെൽഡിംഗ് മെഷീൻ | ലഭ്യമല്ല |
| 6 | 267A,267B | രഞ്ജു രാഘവൻ | രോഹിണി ഫ്യുവൽസ് | ലഭ്യമല്ല | 3/4hp(2nos) |

ആയതിനുള്ള കാരണം ഓഡിറ്റ് എൻക്വയറി നമ്പർ 5/05-02-2022നുള്ള മറുപടിയായി ലഭ്യമാക്കിയിരിക്കുന്നത് സ്ഥല പരിശോധനാവേളയിൽ ഈ സ്ഥാപനങ്ങളിൽ 1 HP യ്ക്ക് താഴെയുള്ള മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാലാണ് ഫീസ് ഈടാക്കാതിരുന്നതെന്നാണ്. എന്നാൽ 1 HP യ്ക്ക് താഴെയുള്ള യന്ത്രങ്ങൾ വൈദ്യുതിയിൽ പ്രവർത്തിക്കുന്നവയ്ക്ക് ₹10/-ഉം അല്ലാത്തവയ്ക്ക് ₹5/- ഉം ചുമത്താവുന്നതാണ്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-21C-1182 ബൊലേറൊ ജീപ്പിന്റെ ലോഗ്ബുക്ക് പ്രകാരമുള്ള പല എൻട്രികളും ഇന്ധന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവയിൽ വരുത്തുന്നില്ല. 03-03-2021 നും 15-04-2021 നും ഇടയിൽ വാഹനത്തിൽ 11 തവണ ഇന്ധനം നിറച്ചിട്ടുണ്ട്. ഇവ ഇന്ധന രജിസ്റ്ററിൽ ചേർത്തിട്ടില്ല. 16-03-2020നും 15-06-2020നും ഇടയിൽ മൂന്ന് തവണ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. അവ മെയിന്റനൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതേ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.06/05-02-2022 ന് മറുപടി ലഭ്യമല്ല. വാഹനവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-16 എസ്.എൽ.ഐ പ്രീമിയം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

ചുവടെ ചേർക്കുന്ന ജീവനക്കാരുടെ എസ്. എൽ.ഐ പ്രീമിയം തുക കുറവായാണ് അടവാക്കിയിരിക്കുന്നത്.

| ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | അടവാക്കിയ പ്രീമിയം തുക | അടയ്ക്കേണ്ട പ്രീമിയം തുക |
|---|---|---|---|
| സന്തോഷ് കുമാർ.കെ.ബി സെക്രട്ടറി | 50400 | 250 | 500 |
| രതീഷ് കുമാർ.ടി.കെ | 40500 | 150 | 500 |

| ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | അടവാക്കിയ പ്രീമിയം തുക | അടയ്ക്കേണ്ട പ്രീമിയം തുക |
|---|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി | | | |
| സന്ധ്യ.പി.നായർ<br>സീനിയർ ക്ലർക്ക് | 36600 | 400 | 500 |
| നജീമ.എം<br>ഹെഡ് ക്ലർക്ക് | 35700 | 150 | 500 |
| ജയകുമാർ.വി<br>സീനിയർ ക്ലർക്ക് | 38500 | 375 | 500 |

ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.49/11-02-2022ന, പരാമർശത്തിൽ പറയുന്ന ഉദ്യോഗസ്ഥരിൽ ശ്രീമതി സന്ധ്യ പി നായർ മാത്രമാണ് നിലവിൽ ഓഫീസിൽ തുടരുന്നതെന്നും ടിയാളുടെ പ്രീമിയം തുക ₹1000/- ആയി ഉയർത്തിയിട്ടുണ്ടെന്നും മറ്റുള്ളവർ അവരവരുടെ ഓഫീസുകളിൽ പ്രീമിയം തുക വർധിപ്പിച്ചിട്ടുണ്ടെന്നുമാണ് മറുപടിയിൽ പറയുന്നത്. കാലാനുസൃതമായ സർക്കാർ ഉത്തരവുകൾക്ക് അനുസരിച്ച് പ്രീമിയം തുകയിൽ വർധന വരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 മാർച്ച് മാസത്തെ ശമ്പളം നൽകിയതിലെ അപാകങ്ങൾ

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 75(a) പ്രകാരം ശമ്പളം, അവധി ശമ്പളം, പ്രതിമാസ ആവർത്തനച്ചെലവുകൾ എന്നിവ തൊട്ടടുത്ത മാസത്തെ ആദ്യത്തെ പ്രവൃത്തി ദിവസത്തിന് മുൻപ് നൽകുവാൻ പാടുള്ളതല്ല. ചെക്ക് നം. 6502201/30.3.2021 പ്രകാരം 566096/- രൂപ സെക്രട്ടറി, സ്ഥിരം ജീവനക്കാർ, പി.ടി.എസ്, ടെക്നിക്കൽ അസിസ്റ്റന്റ്, സ്വീപ്പർ എന്നിവർക്കുള്ള 2021 മാർച്ച് മാസത്തെ ശമ്പളം ഇനത്തിലും ചെക്ക് നം. 6502201/30.3.2021 പ്രകാരം 118400/-രൂപ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, മെമ്പർമാർ എന്നിവരുടെ മാർച്ച് മാസത്തെ ഓണറേറിയം ഇനത്തിലും നൽകിയിട്ടുണ്ട്. ഏപ്രിൽ മാസത്തെ ആദ്യത്തെ പ്രവൃത്തി ദിവസത്തിന് മുൻപ് നൽകുവാൻ പാടില്ലാത്ത മാർച്ച് മാസത്തെ ശമ്പളം ആ മാസം തന്നെ നൽകിയതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം ഏപ്രിൽ മാസത്തിൽ നൽകേണ്ടിയിരുന്ന ശമ്പളം മാർച്ച് മാസം തന്നെ നൽകിയത് Treasury Own Fund നെഗറ്റീവ് ബാലൻസായി മാറുന്നതിന് ഒരു കാരണമായി . ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് മാർച്ച് 31 ന് ജനറൽ പർപ്പസ് ഗ്രാന്റ് സർക്കാർ തിരിച്ചെടുക്കുന്നതിനാൽ ഏപ്രിൽ ആദ്യ വാരം ഫണ്ട് കുറഞ്ഞ പഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളം എടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാലാണ് മാർച്ച് മാസത്തിൽ തന്നെ ശമ്പളം പിൻവലിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഫിനാൻസ് കോഡിന് വിരുദ്ധമായി മുൻകൂർ ശമ്പളം പിൻവലിച്ച നടപടി അംഗീകരിക്കാവുന്നതല്ല. മുൻകൂറായി ശമ്പളം പിൻവലിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - രേഖകളുടെ അഭാവത്തിൽ 2,10,000/-രൂപ തടസ്സപ്പെടുത്തുന്നു

1.

| പ്രോജക്ടിന്റെ പേര് | എബിസി പ്രോഗ്രാം ഫോർ സ്ട്രീറ്റ് ഡോഗ്സ് |
|---|---|
| പ്രോജക്ട് നം | 24/21 |
| അടങ്കൽ തുക | 210000/- (പൊതു) |
| ചെലവ് തുക | 210000/- |
| ബിൽ നം/തീയതി | 1/20-21, തീയതി 11/01/21 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആധികാരിക ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമല്ല. 27-08-2016 ലെ 45151/RC3 /2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. ഇവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ 2,10,000/-രൂപ തടസ്സപ്പെടുത്തുന്നു.

2.

| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് ആട്ട് വളർത്തൽ |
|---|---|
| പ്രോജക്ട് നം | 25/21 |
| അടങ്കൽ തുക | 1200000/-(പൊതു+മറ്റുള്ളവ) |
| ചെലവ് തുക | 180000/-(പൊതു) |
| ബിൽ നം/തീയതി | 4/20-21തീയതി 29-03-21 |

45 ഗുണഭോക്താക്കൾക്ക് 4000/-രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ലഭ്യമാക്കിയ അപേക്ഷകൾക്കൊപ്പം ഗുണഭോക്താവിന്റെ ആധാർ കാർഡ്/റേഷൻ കാർഡുകളുടെ പകർപ്പ്, വില്കുന്ന ആളുടെ ആധാർ കാർഡിന്റെ പകർപ്പും ബാങ്ക് സ്റ്റേറ്റ്മെന്റ്എന്നീ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. എഗ്രിമെന്റ്, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഇവയൊന്നും ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വനിതകൾക്ക് പശു വളർത്തൽ |
| പ്രോജക്റ്റ് നം | 27/21 |
| അടങ്കൽ തുക | 1200000/-(പൊതു+മറ്റുള്ളവ) |
| ചെലവ് തുക | 275000/-(പൊതു) |
| ബിൽ നം/തീയതി | 3/20-21തീയതി 29-03-21 |

11 ഗുണഭോക്താക്കൾക്ക് 12500/-രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകൾ പൂർണ്ണമാക്കിയിട്ടില്ല. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ ശുപാർശ, വെറ്റിനറി സർജന്റെ പരിശോധനാ റിപ്പോർട്ട് ഇവയൊന്നുമില്ല. ഉരുവിനെ മൂന്നു വർഷത്തേക്ക് വില്കാൻ പാടില്ല എന്ന എഗ്രിമെന്റ്, ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് , മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഇവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പൊതുവായ അപാകത

(ക) തൻവർഷം വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ രജിസ്റ്റർ ലഭ്യമാക്കിയില്ല. ആയതു ലഭ്യമാക്കേണ്ടതാണ്.

(ഖ) സബ്സിഡി മാർഗരേഖ 6.2 കുറിപ്പ് നം.14പ്രകാരം മൃഗങ്ങളെ വളർത്താനായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവർക്കും ഇതിനായി പരിശീലനം നല്കേണ്ടതാണ്. ഗുണഭോക്താക്കൾ പരിശീലനം പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതു ഹാജരാക്കേണ്ടതാണ്.

(ഗ) വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെയോ പൂർത്തീകരിച്ചതിന്റെയോ മോണിട്ടറിംഗ് സമിതി റിപ്പോർട്ടോ, നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടോ ലഭ്യമല്ല.

മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.16/2021/07-2-22ന് വാർഡ് മെംബർമാർ തന്ന ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളാണ് പദ്ധതിയുടെ ഗുണഭോക്താക്കളെന്നും മോണിട്ടറിംഗ് നടത്തിയെങ്കിലും രേഖയാക്കാൻ സാധിച്ചില്ലായെന്നും കോവിഡ് മൂലമുള്ള ഓൺലൈൻ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് നിർധനരായ ഗുണഭോക്താക്കൾക്ക് സാഹചര്യമില്ലാതിരുന്നതിനാൽ പരിശീലനം നല്കുവാൻ സാധിച്ചില്ലായെന്നും മറുപടി നല്കിയിട്ടുണ്ട്.

## 1-19 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവു തുക 26,80,000/-രൂപ തടസ്സപ്പെടുത്തുന്നു.

തൻവർഷം സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പദ്ധതിയുടെ നമ്പരും പേരും | അടങ്കൽ തുക | ചെലവു തുക | ബിൽ നമ്പർ |
|---|---|---|---|
| 1-ഐ.കെ.എം.നുള്ള വിഹിതം | 80000/-(പൊതു) | 80000/- (പൊതു) | 12/17-09-20 |
| 172-മെഡിക്കൽ മാലിന്യ സംസ്കരണത്തിന് തുക കൈമാറൽ | 100000/-(ധന) | 100000/-(ധന ) | 18/06-10-20 |
| 223-കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (Tied Fund) | 2507016/-(ധന) | 2500000/-( ധന)<br>(1786000+714000) | 23/05-11-20<br>26/10-11-20 |
| ആകെ | | 26,80,000/- | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതു പരിശോധനയ്ക്കു ഹാജരാക്കുന്നതിനും ഇല്ലായെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നല്കിയ 59/2021/14-02-22 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഡെഫേർഡ് സാലറി- തിരികെ നൽകിയത്-സർക്കാർ നിർദ്ദേശം പാലിച്ചില്ല

ജി.ഒ(പി) നം.43/2021/Fin Dated 26.2.2021 പ്രകാരം ഡെഫേർഡ് സാലറി ഏപ്രിൽ 2021 മാസത്തെ ശമ്പളം മുതൽ അഞ്ചു തുല്യഗഡുക്കളായി തിരികെ നൽകാനാണ് സർക്കാർ നിർദ്ദേശമുണ്ടായിരുന്നത്. എന്നാൽ ചെക്ക് നം. 217845/30.3.2021 പ്രകാരം ഒറ്റ ഗഡുവായി ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന മുഴുവൻ തുകയും( 568657/-) നൽകിയതായി കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അഞ്ചു ഗഡുവായി നൽകേണ്ടിയിരുന്ന തുക ഒറ്റത്തവണയായി നൽകിയതിനും ഏപ്രിൽ മാസത്തെ ശമ്പളം(മേയിൽ നൽകേണ്ടത്) മുതൽ നൽകേണ്ടതിനു പകരം മാർച്ച് മാസം തന്നെ നൽകിയതിനും കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42 ന് പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പളം തനതു ഫണ്ടിൽ നിന്ന് നൽകുന്നതിനാലും അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകയിൽ പ്രത്യേക പലിശയൊന്നും ലഭിക്കാത്തതിനാലും ഡെഫേർഡ് സാലറി ഒറ്റ ഗഡുവായി നൽകുകയാണുണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. എസ്. ബി.ഐ തനതുഫണ്ട് അക്കൌണ്ടിൽ നിന്നാണ് ഡെഫേർഡ് സാലറി ചെക്ക് മുഖേന പിൻവലിച്ചിരിക്കുന്നത്. പ്രസ്തുത അക്കൌണ്ടിൽ പലിശയിനത്തിൽ വരവുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഗഡുക്കളായി നൽകേണ്ട തുക ഒറ്റത്തവണയായി നൽകിയ നടപടി സാധൂകരിക്കാവുന്നതല്ല. ആയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം കുറവ് ചെയ്തത്- തിരികെ അടവാക്കിയതിൽ വ്യക്തതയില്ല

സ.ഉ(കൈ) നം.73/2020/lsgd Dated 5.5.2020 പ്രകാരം ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ജി.ഒ(എം.എസ്) J3/7277/2021 Dated 18.12.2021 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഒരു മാസത്തെ ഹോണറേറിയം കുറവ് ചെയ്യാനാണ് നിർദ്ദേശിച്ചിരുന്നതെന്നും അതിനാൽ ടി തുക ധനാഭ്യർത്ഥന 43ന് കീഴിൽ വരുന്ന അക്കൌണ്ടിൽ നിന്നും (പൊതു ആവശ്യഫണ്ട് /മെയിന്റനൻസ് ഫണ്ട് / വികസനഫണ്ട്) പിൻവലിച്ച തുകയാണെങ്കിൽ പ്രസ്തുത തുക പ്രത്യേക ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.44 ന് ലഭ്യമാക്കിയ മറുപടിയിൽ ജനപ്രതിനിധികൾക്ക് ഹോണറേറിയം നൽകുന്നത് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജനപ്രതിനിധികളിൽ നിന്ന് ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയ തുക Treasury LGTSB തനതു ഫണ്ട് അക്കൌണ്ടിലേയ്ക്ക് മാറ്റി ഇട്ടിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിച്ച തുക പ്രത്യേക ശീർഷകത്തിൽ അടവാക്കാനാണ് നിർദ്ദേശം എന്നതിനാൽ തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2020-21 വർഷത്തിൽ ചേർന്നിട്ടുള്ള കമ്മിറ്റികൾ മിക്കതും ഉപകരണങ്ങളും ഫർണിച്ചറും മറ്റും വാങ്ങാൻ ക്ഷണിച്ച ടെണ്ടറുകൾ അംഗീകരിച്ച് പിരിയുകയാണ് ചെയ്തിട്ടുള്ളത്. പല വാങ്ങലുകളും നടത്തുവാൻ നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ഹരിതകർമ്മസേന – കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഹരിതകർമ്മസേനയ്ക്കായി 31.07.18ൽ കേരള ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുമായി മാലിന്യനീക്കത്തിനായി കരാറും വെച്ചിട്ടുണ്ട്. 28.01.22ൽ 1,81,710/-രൂ അക്കൗണ്ടിൽ നീക്കിയിരിപ്പുമുണ്ട്. നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ കൺസോർഷ്യമായാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

വിവിധ വാർഡുകളിൽ നിന്നുള്ള യൂസർ ഫീ പിരിവിനായി നാളിതുവരെ 175 രസീതുബുക്കുകൾ ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത രസീതുകൾ പരിശോധിച്ചതിൽ ഒന്നിലും തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. ദിവസേന വരവുണ്ടെങ്കിലും ഓരോ വാർഡിലെയും ഓരോ മാസത്തെ ആകെ വരവാണ് യൂസർ ഫീ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ പിരിച്ചെടുക്കുന്ന മുഴുവൻ തുകകളും ബാങ്കിൽ ഒടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ഓരോ മാസവും മീറ്റിംഗ് കൂടി ആയതിലാണ് പിരിഞ്ഞുകിട്ടുന്ന തുകകൾ ഒടുക്കുവാനായി എത്തിക്കുന്നത്. പല മീറ്റിംഗുകളിലും പല വാർഡുകളിൽ നിന്നുള്ള കളക്ഷനും എത്തിച്ചിട്ടില്ല എന്നു കാണുന്നു. കൂടാതെ, സോർട്ട് ചെയ്ത പ്ലാസ്റ്റിക്ക് വിറ്റു കിട്ടുന്ന തുകകൾ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്നതേയില്ല. ടി തുകകൾ സേനാംഗങ്ങൾ കൈവശം സൂക്ഷിച്ച് വണ്ടിവാടകയും മറ്റും നൽകുന്നുണ്ട്.

12.10.2020ൽ നടന്ന യോഗത്തിൽ ഹരിതകർമ്മസേനാംഗങ്ങളെ സ്വതന്ത്രമായി നിലനില്പുള്ള സംരംഭകഗ്രൂപ്പുകളാക്കി മാറ്റി കൺസോർഷ്യം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ മുഴുവൻ രസീതു ബുക്കുകൾ പ്രകാരമുള്ള

ഡെയ്‌ലി കളക്ഷൻ, അവ അക്കൗണ്ടിൽ അടവാക്കിയ തീയതി എന്നിവയുടെ ആധികാരിക രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവനനിർമ്മാണപദ്ധതി - അവസാനഗഡു അനുവദിച്ചിട്ടില്ല

വാമനപുരം ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 175 വീടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇവയിൽ ചുവടെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അവസാനഗഡുവായ 40,000/-രൂ അനുവദിച്ചിട്ടില്ല എന്നു കാണുന്നു.

1. ശ്രീ രഞ്ചിത്ത് ലാൽ, വലിയ കണിച്ചോട്

2. ശ്രീമതി ഇന്ദിര, മൂർത്തിക്കാവിൽ വീട്, ആനാകുഴി

3. ശ്രീമതി അജിതകുമാരി, ആതിരഭവൻ

4. ശ്രീമതി ശാന്ത, തെക്കുംകരപുത്തൻവീട്, ഇരുളൂർ

ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് ടിയാളുകൾക്ക് അവസാനഗഡു നൽകാത്തത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. നമ്പറിംഗ് പൂർത്തിയാക്കി അവസാനഗഡു നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-25 പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തന രഹിതം

| | |
|---|---|
| പ്രോജക്റ്റ് നം . | 118/21 (So) |
| പ്രോജക്റ്റിന്റെ പേര് | കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ലാന്റ് |
| അടങ്കൽ | 5,15,000/- |
| ചെലവ് | 3,61,966/- |
| വൗച്ചർ നം . | 2200773/6-2-21 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഓഡിറ്റ് എൻക്വയറി നം. | 34/14-2-22 |

പദ്ധതി പ്രകാരം വാമനപുരം പബ്ളിക് മാർക്കറ്റിൽ കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്യുന്ന 550000/- രൂപ അടങ്കലുള്ള മേൽ പ്രവൃത്തിക്കായി ഓഡിറ്റ് വർഷം ചെക്ക് നം. 887734 /6-2-21 പ്രകാരം 361966/- രൂപയും 2019-20 വർഷം 110000/-രൂപയും അടക്കം ആകെ 471966/- രൂപ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. നിർമ്മാണത്തിനായി 27-2-19 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ ഖണ്ഡിക 3 പ്രകാരം നിർമ്മാണം ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും 07-09-2020 നാണ് പദ്ധതി പൂർത്തീകരിക്കുന്നത്. പ്രവൃത്തി പൂർത്തീകരണത്തിൽ വന്ന കാലതാമസത്തിന് സ്ഥാപനത്തിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. ടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരായ സോഷ്യൽ ഇക്കണോമിക് ഫൗണ്ടേഷന്റെ കാലതാമസം കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വന്നതെന്നും പ്രവൃത്തിപൂർത്തീകരിച്ച സമയത്ത് പ്ലാന്റ് പ്രവർത്തനക്ഷമമായിരുന്നു എന്നുമാണ് മറുപടി ലഭിച്ചത്. 15-02-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഓഡിറ്റ് വർഷം പൂർത്തിയായ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റും 2014-15 വർഷം ആരംഭിച്ച പ്ലാന്റും പ്രവർത്തന രഹിതമായി കാണപ്പെട്ടു . പഴയ പ്ലാന്റിന്റെ ഇൻ ലറ്റ് പാറക്കല്ലുകൊണ്ട് മൂടിവച്ചിരിക്കുന്നതായും കണ്ടു.



(പ്ലാന്റുകൾ പ്രവർത്തന രഹിതമായതിനെ കുറിച്ച് വിശദമായി 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്ത പ്രസ്തുത പ്ലാന്റ് ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാതിരിക്കുന്നത് ഗ്രാന്റിന്റെ പാഴ്ചെലവിന് തുല്യമായി വിലയിരുത്തുന്നു.

പ്ലാന്റുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-26 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് നാളിതുവരെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന ഫണ്ട് പൊതു ആസ്തിയായി മാറുന്നുണ്ടോയെന്നതിൽ അവ്യക്തതയുണ്ടാകുന്നു. പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. (ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി R ട്രാക്കുമായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്കുശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ജി.പി.എസ് കോർഡിനേറ്റുകൾ അടിസ്ഥാനമാക്കിയ എല്ലാ നോൺ മൂവബിൾ ആസ്തികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്)

## 1-27 സർക്കാരിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രിക B-9 Schedule പ്രകാരം 53395/ - രൂപ വാറ്റിനത്തിലും 350300199, 350400199 എന്നീ ഹെഡ്ഡുകളിലായി വനനികുതി ഇനത്തിൽ 30195/- രൂപയും സർക്കാരിലേയ്ക്ക് അടവാക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ ഹെഡ്ഡ് കോഡ് 350300106ൽ 4750/ രൂപയും 350300107 എന്ന ഹെഡ്ഡ് കോഡിൽ 582/- രൂപയും അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12 ന് ജി.എസ്.ടി വകുപ്പുമായി ബന്ധപ്പെട്ട് വാറ്റ് അടവാക്കുന്നതാണെന്നും വനനികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഹെഡ്ഡ് കോഡ് 350300106ൽ അവശേഷിക്കുന്ന തുക 2013 ഫെബ്രുവരിയിൽ വില്ലേജ് ഓഫീസർ പഞ്ചായത്ത് ഓഫീസിൽ ഒടുക്കിയ തുകയാണെന്നും ആയത് ഏതിനത്തിലുള്ളതാണെന്ന് പരിശോധിച്ച് കമ്മിറ്റി തീരുമാനപ്രകാരം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഹെഡ്ഡ് കോഡ് 350300107ൽ അവശേഷിക്കുന്ന തുക 2011 മുതൽ തുടർന്നുവരുന്ന തുകയാണെന്നും ഏത് വിഭാഗത്തിൽ പെടുന്നതാണെന്ന് അറിയില്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി. തിരിച്ചറിയാൻ അവശേഷിക്കുന്ന തുകകൾ ഏതിനത്തിലേതാണെന്ന് കണ്ടെത്തേണ്ടതുംസർക്കാരിലേയ്ക്കുള്ള ഒടുക്കുന്നതിനുള്ള തുകകൾ ഒടുക്ക വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-28 പാലിയേറ്റീവ് പ്രവർത്തനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള മാർഗരേഖ സ.ഉ(സാധാ)നം 3217/2015/തസ്വഭവ, 29.10.2015 പ്രകാരം താഴെപ്പറയും വിധമാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

ഖ.2.4.2 - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്.

ഖ. 2.6.2(7)- എല്ലാ ഹോംകെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു " ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ" (ഹോംകെയർ ആവശ്യമായ രോഗികളുടെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഹോംകെയർ പ്ലാൻ ചെയ്യുന്ന രജിസ്റ്റർ) സൂക്ഷിക്കേണ്ടതാണ്.

ഖ. 2.6.3(5)- ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഖ. 2.6.15- പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.7.5- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.11.1- മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സി യുടെ ആഭ്യമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് (നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടത്). യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽ പ്രവർത്തനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/09.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പി.എം.സി രൂപീകരിച്ചെങ്കിലും കോവിഡ് സാഹചര്യത്തിൽ എല്ലാ മാസവും മീറ്റിംഗ് കൂടാൻ കഴിഞ്ഞിട്ടില്ലെന്നും ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ എല്ലാം നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനം സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് കെയർ പ്രോജക്ട് - 40,130/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ പ്രോജക്ട് |
| പദ്ധതി നമ്പർ | 75/21 |
| പദ്ധതി അടങ്കൽ | 5,00,000/- (വികസന ഫണ്ട് പൊതുവിഭാഗം)<br>6,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 5,00,000/- (വികസന ഫണ്ട് പൊതുവിഭാഗം)<br>6,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

1. In Drug House Bank SAT യ്ക്ക് ട്രഷറി ബിൽ നം.28/05.02.21 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് 39,983/- രൂപ അനുവദിച്ചെങ്കിലും വിവിധ ബില്ലുകൾ പ്രകാരം 39,356/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 627/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

2. In Drug House Bank SAT യുടെ 6801/29.03.21 നം. ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം.39/31.03.21 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് 39,503/- രൂപ അനുവദിച്ചെങ്കിലും ടി രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/10.02.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 627/- രൂപയുടെ മരുന്ന് ലഭ്യമാകാനുള്ള വിവരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെന്നും 39,503/- രൂപയ്ക്കുള്ള പർച്ചേസ് നാളിതുവരെ നടന്നിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ലഭ്യമാകാനുള്ള ആകെ 40,130/- രൂപയുടെ (627+39,503) മരുന്ന് എത്രയും വേഗം ലഭ്യമാക്കി അത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 എഫ്എച്ച്സി - വാഹന പരിപാലനത്തിലെ അപാകതകൾ

ആനാകുടി എഫ്എച്ച്സിയിലെ KL 01 CI 5331 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 31.12.19 ന ശേഷം വാഹനത്തിന്റെ Fuel Test നടത്തിയിട്ടുള്ളതായി കാണുന്നില്ല. വർഷത്തിലൊരിക്കലെങ്കിലും Fuel Test നടത്തണമെന്നിരിക്കെ 31.12.19 ന ശേഷം നാളിതുവരെ ടെസ്റ്റ് നടത്താത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും കൂടാതെ വാഹനവുമായി ബന്ധപ്പെട്ട് പരിപാലിക്കേണ്ടുന്ന Fuel Register, Repair And Maintanence Register എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/10.02.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം എല്ലാ വർഷവും Fuel Test നടത്തണമെന്ന കാര്യം അറിയില്ലായിരുന്നുവെന്നും ഉടൻ തന്നെ ടെസ്റ്റ് നടത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ Fuel Register, Repair And Maintanence Register എന്നിവ കൃത്യമായി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 ഇടവിള കൃഷി പദ്ധതി - അപേക്ഷകൾ പൂർണമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഇടവിള കൃഷി |
| പദ്ധതി നമ്പർ | 105/21 |
| പദ്ധതി അടങ്കൽ | 1,50,000/- (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 1,50,000/- (വികസന ഫണ്ട്) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

50 അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അപാകത |
|---|---|---|---|
| 1 | 169 | ഗിരിജ | അപേക്ഷ പൂർണമല്ല. അപേക്ഷ ഒപ്പിടുകയോ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. കരം അടച്ച രസീത് ഇല്ല. |
| 2 | 173 | ബീന.എസ്, പ്രിയ നിവാസ് | അപേക്ഷ പൂർണമല്ല. അപേക്ഷ ഒപ്പിടുകയോ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. |
| 3 | 176 | രഞ്ചി, രേവതി ഭവൻ | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 4 | 177 | ലളിത, ബിജു നിവാസ് | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരം അടച്ച രസീത് ഇല്ല. |
| 5 | 178 | രമണി.പി, ചന്തവിള വീട് | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 6 | 179 | ബേബി, കുന്നുവിള വീട് | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 7 | 180 | ശോഭന.എ, പുത്തൻവിള വീട് | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 8 | 181 | പ്രീത അനിൽ, രവിത്ത്നം | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 9 | 196 | ഷീല, നീതു ഭവൻ | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 10 | 218 | ഷീല.എസ്, രേഷ്മ വിലാസം | അപേക്ഷ ഒപ്പിടുകയോ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. |
| 11 | 219 | ലീല, തെക്കുംകര പുത്തൻ വീട് | അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 12 | 224 | നന്ദിനി, അഞ്ചിമ ഭവൻ | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 13 | 225 | പ്രസന്നകുമാരി, മംഗ്ഗലശ്ശേരി വീട് | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 14 | 226 | ആനന്ദവല്ലി, സുനന്ദ ഭവൻ | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 15 | 227 | ഉഷാകുമാരി, കൃഷ്ണാലയം | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 16 | 228 | ലളിതമ്മ, തടത്തരികത്ത് വീട് | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 17 | 229 | രഞ്ചു.കെ, സി.ആർ ഭവൻ | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 18 | 233 | ഉഷ, കട്ടയ്ക്കാലിൽ വീട് | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 19 | 234 | ലീല.റ്റി, കുഴിക്കര വീട് | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 20 | 235 | മഞ്ജു.എം.എസ്, ആല്ലുംക്കുന്നിൽ പുത്തൻവീട് | അപേക്ഷ ഒപ്പിട്ടിട്ടില്ല. അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 21 | 236 | ബിജു.എസ്, ബി.എസ് ഭവൻ | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |

| | | | |
|---|---|---|---|
| 22 | 239 | സിന്ധു, ഭാരതി വിലാസം | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 23 | 243 | പ്രസന്ന.എസ്, ബിജു വിലാസം | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 24 | 258 | സബൂറാബീവി, എസ്.എസ്.മൻസിൽ | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |
| 25 | 259 | ജയകുമാരി, കരിംക്കുറ്റിക്ക വീട് | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.20/09.02.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് സാഹചര്യത്തിൽ അപേക്ഷകൾ കൃത്യമായി നോക്കി എടുക്കുവാൻ സാധിച്ചില്ലെന്നും മേലിൽ അപാകതകൾ പരിഹരിക്കുമെന്നും അറിയിച്ചിരിക്കുന്നു. ഏത് സാഹചര്യത്തിലും പൂർണമല്ലാത്തതും കൃഷിഭൂമി സംബന്ധിച്ച വിവരങ്ങളില്ലാത്തതുമായ അപേക്ഷകൾ കാർഷിക ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ പാടില്ല. കൂടാതെ ലഭ്യമായ അപേക്ഷകളിൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് കോവിഡ് സാഹചര്യം ഒരു തടസ്സമല്ല. ആയതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഫലവൃക്ഷതൈ വിതരണം പദ്ധതി - അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | ഫലവൃക്ഷതൈ വിതരണവും പരിപാലനവും |
| പദ്ധതി നമ്പർ | 107/21 |
| പദ്ധതി അടങ്കൽ | 1,20,000/- (വികസന ഫണ്ട്)<br>30,000/- (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 94,593/- (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

1. ചെലവ് പത്രിക പ്രകാരമുള്ള പദ്ധതിയുടെ ചെലവ് 94,593/- രൂപയാണ്. ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് ചെലവ് പത്രികയിൽ വന്നിട്ടില്ല. ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവിനാധാരമായ രേഖകൾ ഓഡിറ്റ് അന്വേഷണം നം.37/10.02.20 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 27,000/- രൂപയുടെ ബിൽ ഹാജരാക്കുകയുണ്ടായി. ആകെ 540 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രസീത് ബുക്കുകൾ പ്രകാരം മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 23,150/- രൂപയാണ് 463 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതമായി ലഭിച്ചിട്ടുള്ളത്. അതിനാൽ ആകെ ചെലവഴിച്ചതായി പറയുന്ന ഗുണഭോക്തൃ വിഹിതമായ 27,000/- രൂപയിൽ ബാക്കിയുള്ള 3,850/- രൂപ (27,000 –23,150) പഞ്ചായത്തിന് വരവായി ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3. ലഭ്യമാക്കിയ അപേക്ഷകളിൽ 50 എണ്ണം പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അപാകത |
|---|---|---|
| 1 | വിജയകുമാരൻ നായർ, ഗീതാഞ്ജലി | അപേക്ഷ മാത്രമാണ് ഉള്ളത്. അനുബന്ധരേഖകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | ദാസൻ.ആർ, കതിരുവിള പുത്തൻവീട് | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 3 | രാധമ്മ, കട്ടയ്ക്കാലിൽ വീട് | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 4 | ഷീജ.വി, മണ്ണടിമൂല | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 5 | കുമാരി ലില്ലി, ഹരിവിലാസം | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |

കോവിഡ് സാഹചര്യമായതിനാൽ അപേക്ഷകൾ വേണ്ടും വിധം നോക്കി എടുക്കുവാൻ സാധിച്ചില്ലെന്നും മേലിൽ അപാകതകൾ തിരുത്തി അപേക്ഷകൾ സ്വീകരിക്കുമെന്നും മേൽ അപാകത അറിയിച്ചുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/10.02.20 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിരിക്കുന്നു. ഭാവിയിൽ അപേക്ഷകളുടെയും അനുബന്ധരേഖകളുടെയും പരിശോധനയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-33 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 Xii (ഇ) യിലും 29-1-2018 ലെ 11/2018/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2019-20 വർഷം അംഗീകരിച്ച് താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ 2020-21 വർഷം നടപ്പിലാക്കിയിട്ടില്ല .

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 129/21 | സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് | 1150000 |
| 2 | 131/21 | വലിയകാട് കുന്നും പുറം റോഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം | 767441 |
| 3 | 149/21 | പള്ളിക്കുന്ന് ആനച്ചൽ റോഡ് മെയിന്റനൻസ് | 494320 |
| 4 | 150/21 | വാമന പുരം യു പി എസ് റോഡ് മെയിന്റനൻസ് | 320000 |
| 5 | 152/21 | പഞ്ചായത്ത് ഓഫീസ് റോഡ് നവീകരണം | 498000 |
| 6 | 156/2`1 | വട്ടപ്പാറ അങ്കണ വാടി ഇലക്ട്രിഫിക്കേഷൻ & പ്ളംബിംഗ് | 50000 |
| 7 | 158/21 | വട്ടപ്പാറ അങ്കണ വാടി വൈദ്യുതീകരണം | 75000 |
| 8 | 159/21 | അങ്കണവാടി കളിൽ കുടിവെള്ളം എത്തിക്കൽ | 93124 |
| 9 | 161/21 | കതിരുവിള ആട്ടക്കാരൻ കുഴി റോഡ് സൈഡ് വാൾ നിർമ്മാണം | 231651 |

സ്പിൽ ഓവർ ഉൾപ്പെടെ ആകെ 93 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം വാങ്ങിയെങ്കിലും 63 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിനായി ആകെ വകയിരുത്തിയ 36988358/-രൂപയിൽ 24472138/-രൂപ മാത്രമാണ് (67% സുലേഖ പ്രകാരം) തൻവർഷം ചെലവഴിച്ചത്. പദ്ധതി നിർവ്വഹണത്തിൽ കുറവ് വന്നതിനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (55/11-2-11 ) സൈറ്റുകളിലെ പ്രശ്നവും കോവിഡ് മഹാമാരിയുടെ പ്രശ്നവും ഇലക്ഷൻ ഡിക്ളറേഷനുമാണെന്നാണ് . ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-34 സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെയും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തിന്റെയും അഭാവത്താൽ 20-21 സാമ്പത്തിക വർഷം നടപ്പാക്കിയ 63 മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗം എണ്ണത്തിന്റെയും എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ വിശദാംശം |
|---|---|---|---|
| 1 | 185/21 | ബഡ്സ് സ്കൂൾ കോംമ്പൌണ്ട് വാൾ നിർമ്മാണം | 4 ,6 ,7, 8,9, എന്നിവ ഒഴിവാക്കി 3 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| 2 | 183/21 | പുതിയ പഞ്ചായത്ത് ഓഫീസ് പൂർത്തീകരണം | 25, 27 ,28 എന്നിവ ഒഴിവാക്കി പന്ത്രണ്ട് അധിക ഇനങ്ങൾ ഉൾപ്പെടുത്തി |
| 3 | 203/21(so) | വാമനപുരം മാർക്കറ്റിൽ ആധുനിക ഫിഷ് മാൾ നിർമ്മാണം | 13 ,16 ,17,18 എന്നിവ ചെയ്തില്ല പകരം 14 അധിക ഇനങ്ങൾ ചെയ്തു |

ഭൂരിഭാഗം പദ്ധതികളിലെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കാൻ താൽപര്യപ്പെട്ട നൽകിയ എൻക്വയറിക്ക് (നം 54/11-2-22) ന് ലഭ്യമാക്കിയ മറുപടിയിൽ ചില സ്ഥലങ്ങളിൽ വാർഡ് മെമ്പർമാരുടെയും സ്ഥല വാസികളുടെയും ആവശ്യപ്രകാരം കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്നാണ് . സ്ഥലപരിശോധന നടത്തുകയും പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവിഷന്റെ ആവശ്യകത ഭൂരിഭാഗം പ്രവൃത്തികളിലും ഉണ്ടാകില്ലെന്ന് വ്യക്തമാണ്. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധനയും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

## 1-35 ടില്ലർ മെഷീൻ വാങ്ങിയത് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പദ്ധതിയുടെ പേര് | കാർഷിക കർമ്മസേനയ്ക്ക് ടില്ലർ വാങ്ങൽ |
| പദ്ധതി നമ്പർ | 30/20-21 |
| പദ്ധതി അടങ്കൽ | 1,55,000/- (വികസന ഫണ്ട്)<br>17,000/- (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 1,52,783/- (വികസന ഫണ്ട്)<br>17,000/- (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി.14.02.18 സബ്സിഡി മാർഗ്ഗരേഖ ഖ. 6.1 ക്രമ നം.8 പ്രകാരം ,

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ ടില്ലർ മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട് അത്തരമൊരു റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ബി) യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നുമുള്ള കരാർ വ്യവസ്ഥയിൽ വേണം യന്ത്രങ്ങൾ കൈമാറേണ്ടത്. എന്നാൽ കാർഷിക കർമ്മസേനയുമായി അത്തരമൊരു കരാർ വെച്ചിട്ടുള്ളതായി കാണുന്നില്ല.

കൂടാതെ 16.09.20 ലെ KLR/721/2020-21 നം. ഇൻവോയിസ് പ്രകാരം Raidcoയിൽ നിന്നും പർച്ചേസ് ചെയ്ത ടില്ലർ മെഷീന്റെ വരവ് രേഖപ്പെടുത്തി, കാർഷിക കർമ്മസേനയ്ക്ക് വിതരണം ചെയ്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.4/05.02.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമസഭയിൽ ഉയർന്നുവന്ന പൊതുവായ താല്പര്യപ്രകാരമാണ് ടില്ലർ വാങ്ങാൻ തീരുമാനിച്ചതെന്നും വാടക നിരക്ക് സംബന്ധിച്ച് കാർഷിക കർമ്മസേനയുമായി കരാർ വെച്ചിട്ടുണ്ടെന്നും പ്രസ്തുത രേഖ എത്രയും വേഗം എത്തിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-36 വനിതാ പച്ചക്കറി കൃഷി (ഗ്രോബാഗ്) പദ്ധതി - ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതാ പച്ചക്കറി കൃഷി (ഗ്രോബാഗ്) പദ്ധതി |
| പദ്ധതി നമ്പർ | 121/21 |
| പദ്ധതി അടങ്കൽ | 37,500/- (വികസന ഫണ്ട്)<br>12,500/- (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 34,500/- (വികസന ഫണ്ട്) |

| | |
|---|---|
| | 11,500/- (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

2 ട്രഷറി ബില്ലുകൾ മുഖേന ആകെ 46,000/- രൂപ (37,500+11,500) പദ്ധതി നടത്തിപ്പിനായി കാർഷിക കർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. കാർഷിക കർമ്മസേനയിൽ നിന്നുള്ള ടി തുകകൾക്കുള്ള ഇൻവോയിസ് ബില്ലുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ രസീത് ബുക്കുകൾ പ്രകാരം ആകെ 11,500/- രൂപയാണ് 23 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതമായി ലഭിച്ചിട്ടുണ്ട്. എന്നാൽ എത്ര എണ്ണം ഗ്രോബാഗ് ലഭിച്ചുവെന്നോ എത്ര പേർക്ക് വിതരണം ചെയ്തുവെന്നോയുള്ള വിശദാംശങ്ങൾ ഒന്നും തന്നെ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ ഗുണഭോക്താക്കൾക്ക് ഗ്രോബാഗ് നൽകുന്ന വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമല്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.38/10.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 കേദാരം നെൽകൃഷി - അപേക്ഷകളിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | കേദാരം നെൽകൃഷി |
| പദ്ധതി നമ്പർ | 178/21 |
| പദ്ധതി അടങ്കൽ | 1,92,116/- (വികസന ഫണ്ട്)<br>2,10,000/- (ബ്ലേക്ക് പഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് (ചെലവ് പത്രിക പ്രകാരം) | 51,000/- (വികസന ഫണ്ട്)<br>1,12,973/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അപാകത |
|---|---|---|
| 1 | മിനി.ജി, സാന്ത്വനം | അപേക്ഷ പൂർണമല്ല. അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കല്ല സബ്സിഡി തുകയായ 425/- രൂപ നൽകിയിട്ടുള്ളത്. |
| 2 | സിന്ധു.എസ്, പണയിൽ വീട് | അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കല്ല സബ്സിഡി തുകയായ 2,000/- രൂപ നൽകിയിട്ടുള്ളത്. |
| 3 | ശ്രീജിത്ത്, ശ്രീവിലാസം | അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. കരം അടച്ച രസീത് ഇല്ല. |
| 4 | ഗീതാകുമാരി | അപേക്ഷ പൂർണമല്ല. അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. കരം അടച്ച രസീത് ഇല്ല. |
| 5 | രാമചന്ദ്രൻ നായർ | അപേക്ഷ പൂർണമല്ല. അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. കരം അടച്ച രസീത് ഇല്ല. |
| 6 | കമലാസനൻ, അജി ഭവൻ | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |
| 7 | റീജ.എസ്.എസ് | അപേക്ഷ പൂർണമല്ല. മറ്റ് രേഖകളൊന്നും തന്നെയില്ല. |
| 8 | മോഹനചന്ദ്രൻ, വിഷ്ണുഭവൻ | അപേക്ഷ പൂർണമല്ല. അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ കൃഷിഭൂമി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. കരം അടച്ച രസീത് ഇല്ല. |
| 9 | രാധ.എം, ഭൂതംകോട് | കരം അടച്ച രസീത് ഗുണഭോക്താവിന്റേയോ കുടുംബാംഗങ്ങളുടെയോ പേരിലുള്ളതല്ല. |

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അപാകത |
|---|---|---|
| 10 | ലീല.ബി | അപേക്ഷ പൂർണമല്ല. അപേക്ഷയിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കല്ല സബ്സിഡി തുകയായ 765/- രൂപ നൽകിയിട്ടുള്ളത്. |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.38/10.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പൂർണമല്ലാത്തതും കൃഷിഭൂമി സംബന്ധിച്ച വിവരങ്ങളില്ലാത്തതുമായ അപേക്ഷകൾ കാർഷിക ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ പാടില്ല. മേൽ പട്ടികയിൽ ക്രമ നം. 1, 2, 10 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന സബ്സിഡി തുകകൾ ചെന്നിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഗുണഭോക്താക്കളുടേതു തന്നെയാണെന്ന് ഉറപ്പാക്കേണ്ടതും ആണെങ്കിൽ പ്രസ്തുത അക്കൗണ്ടുകളുടെ പാസ്ബുക്കുകളുടെ കോപ്പി ലഭ്യമാക്കേണ്ടതുമാണ്. അല്ലായെങ്കിൽ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തെറ്റായി വരവ് വന്നിട്ടുള്ള സബ്സിഡി തുകകൾ തിരികെ ഈടാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 സോളാർ ഫെൻസിംഗ് - വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | സോളാർ ഫെൻസിംഗ് - കാർഷിക സംരക്ഷണം |
| പദ്ധതി നമ്പർ | 233/21 |
| പദ്ധതി അടങ്കൽ | 3,63,767/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് (ചെലവ് പത്രിക പ്രകാരം) | 2,46,000/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ആകെ 7 ഗുണഭോക്താക്കൾക്കാണ് മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ ചുവടെ പറയുന്ന 5 പേർക്ക് കൃഷി സ്ഥലത്തിന് ചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിച്ചതിന് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ തുക അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അനുവദിച്ച തുക |
|---|---|---|
| 1 | ബിന്ദു.റ്റി.എസ്, പേഴാംമൂട് വീട് | 33,000/- |
| 2 | സുലേഖ.ആർ, ജയാഭവൻ | 30,000/- |
| 3 | ഷാജിനിസ.എ, ഷഹാന മൻസിൽ | 30,000/- |
| 4 | ഹാഷിം.എസ്, എസ്.എച്ച്.ലാന്റ് | 43,000/- |
| 5 | പുഷ്പലത.ജി, ആർ.പി.എ. നിവാസ് | 36,000/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.38/10.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ അനുവദിച്ച മേൽ തുകകൾ ക്രമപ്രകാരമുള്ളതാണോയെന്ന് പരിശോധന നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അധികമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-39 പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

4) സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഒരു ഫയലിനോടൊപ്പവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

5) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2019-2020 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.39/10.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുക്കൊണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 ഹരിതഭവനം പദ്ധതി - 9,150/- രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതഭവനം |
| പദ്ധതി നമ്പർ | 179/21 |
| പദ്ധതി അടങ്കൽ | 42,000/- (വികസന ഫണ്ട് സാധാരണ വിഹിതം)<br>1,12,000/- (ജില്ലാപഞ്ചായത്ത് വിഹിതം)<br>1,45,600/- (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 70,000/- (ജില്ലാപഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പദ്ധതിയുടെ ഭാഗമായി വിവിധ ചെലവുകൾ നടത്തിയതിന് പത്ത് ഗുണഭോക്താക്കൾക്ക് 5,650/-രൂപാ വീതം ആകെ 56,500/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അതിൽ 5,000/-രൂപയുടെ വൗച്ചർ പരിശോധനയ്ക്ക് നൽകിയിട്ടില്ല. കൂടാതെ ബാക്കിയുള്ള 51,500/-രൂപയുടെ വൗച്ചർ പരിശോധനയിൽ ഗുണഭോക്താവായ സാവിത്രി.കെ.സി എന്നവർക്ക് കംപോസ്റ്റ് കുഴിയെടുക്കൽ/ജൈവാവശിഷ്ടങ്ങളും ചാണകവും നിറയ്ക്കൽ ഇനത്തിൽ നൽകിയ 4,150/- രൂപയുടെ വൗച്ചറും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നു കാണുന്നു. കൂടാതെ കാർഷിക കർമ്മസേനയിൽ നിന്നും ലഭിച്ച 6,000/-രൂപയുടെ 102/10.02.2020 നം. ഇൻവോയിസിൽ കൃഷി ഓഫീസർ 3,000/-രൂപ പാസാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച് വ്യക്തതയില്ല. ടി തുക കാർഷിക കർമ്മസേനയ്ക്ക് അനുവദിച്ചിട്ടുണ്ടോയെന്നും അത് ഏത് ഇനത്തിലുള്ളതാണെന്നുമുള്ള വിവരം ലഭ്യമല്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/08.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ 9,150/-രൂപയുടെ ചെലവ് വൗച്ചറുകൾ (5,000+4,150) ഹാജരാക്കേണ്ടതും മേൽ ഇൻവോയിസ് പ്രകാരം കാർഷിക കർമ്മസേനയ്ക്ക് അനുവദിച്ച തുക സംബന്ധിച്ച് വ്യക്തത നൽകേണ്ടതുമാണ്.

## 1-41 അങ്കണവാടികളുടെ ഭൌതീക സാഹചര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 23 അങ്കണവാടികളുണ്ട്. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി, കുടിവെള്ളം, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാണ്. 9 അങ്കണവാടികൾക്ക് സ്വന്തമായി കിണറുണ്ട്. ഇവയിൽ 6 എണ്ണത്തിന് കുടിവെള്ള കണക്ഷനുമുണ്ട്.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ടോയ്ലറ്റ് ഉണ്ടെങ്കിലും 7 അങ്കണവാടികൾ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഇല്ലാത്തവയാണ്. 4 അങ്കണവാടികൾ ചുറ്റുമതിൽ ഇല്ലാത്തവയാണ്. ലഭ്യമാക്കിയ ഫിറ്റ്നെസ്സ് സാക്ഷ്യപത്രം (നം.066/A1 /AE/LID&EW/VPM/2021 Dated 28-10-21) പ്രകാരം പറപ്പാറമുകൾ, പഴങ്കുഴി, കുഴിക്കര അങ്കണവാടികൾക്ക് യോഗ്യതാ സാക്ഷ്യപത്രമില്ല. ബാക്കി അങ്കണവാടികൾക്ക് ഫിറ്റ്നെസ്സ് ഉണ്ട്. നം.11 അനകുടി അങ്കണവാടി കെട്ടിടം ഉപയോഗത്തിന് അനുയോജ്യമാണെങ്കിലും സെപ്റ്റിക് ടാങ്കിന് അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. അങ്കണവാടികളുടെ ഭൌതീക സാഹചര്യങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.26/09-02-2022ന് നല്കിയ മറുപടിയിൽ നം.18 പഴങ്കുഴി അങ്കണവാടിയുടെ ടോയ്ലറ്റ് സുരക്ഷിതമല്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ ഭൌതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഫിറ്റ്നെസ്സ് വ്യവസ്ഥകൾ പാലിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 23അങ്കണവാടികളിൽ നം.6 പറപ്പാറമുകൾ, നം.14 കുഴിക്കര, നം.18 പഴങ്കുഴി എന്നീ 3അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പതിമൂന്നാം പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്ന്

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 7.8.2ൽ നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ഉൾപ്പെടെ ഉപയോഗപ്പെടുത്തി, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും അടിസ്ഥാന സൌകര്യങ്ങളും ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയത് | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 400000/- | 275107/- | 124893/- |
| | കേദാരം നെൽകൃഷി (SO) | 210000/- | 112973/- | 97027/- |
| | കേദാരം നെൽകൃഷി | 51000/- | - | 51000/- |
| | നെൽകൃഷിക്ക് സബ്സിഡി 2019-20 തുക നല്കൽ | 51000/- | - | 51000/- |
| | അംഗനവാടി പോഷകാഹാര വിതരണം | 200000/- | - | 200000/- |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 285000/- | 261375/- | 23625/- |
| | വാമനപുരം മാർക്കറ്റിൽ ഓട നിർമാണം | 500000/- | 500000/- | - |
| | പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലെ പബ്ലിക് ടോയ്ലറ്റുകളുടെ നവീകരണം | 300000/- | 300000/- | - |
| | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ (ജനറൽ) | 1277850/- | 0 | 1277850/- |
| | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ (SC) | 400000/- | 225000/- | 175000/- |
| | വിശപ്പ് രഹിത കേരളം | 20000/- | 0 | 20000/- |
| | വയോമിത്രം - വയോജന ക്ലബ് | 18000/- | 0 | 18000/- |
| | ന്യൂലൈഫ് സമഗ്ര കോളനി നവീകരണം (SC) | 600000/- | 120000/- | 480000/- |
| | ന്യൂലൈഫ് സമഗ്ര കോളനി നവീകരണം (ജനറൽ) | 160000/- | 160000/- | - |
| | ആകെ | 4472850/- | 1954455/- | 2518395/- |
| ജില്ലാ പഞ്ചായത്ത് | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 400000/- | 86249/- | 313751/- |
| | കേദാരം നെൽകൃഷി | 210000/- | 0 | 210000/- |
| | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ (ജനറൽ) | 1400000/- | 0 | 1400000/- |
| | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവനരഹിത SC കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ | 400000/- | 225000/- | 175000/- |
| | വിശപ്പ് രഹിത കേരളം | 10000/- | 0 | 10000/- |
| | വയോമിത്രം - വയോജന ക്ലബ് | 18000/- | 0 | 18000/- |

| വിഹിതം നൽകിയത് | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| | ന്യൂലൈഫ് സമഗ്ര കോളനി നവീകരണം (SC) | 1200000/- | 1040000/- | 160000/- |
| | പാഥേയം | 570240/- | 0 | 570240/- |
| | ബാല സൌഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ | 50000/- | 0 | 50000/- |
| | ലൈഫ് – 2020 (പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം) | 1067000/- | 480000/- | 587000/- |
| | ആകെ | 5325240/- | 1831249/- | 3493991/- |

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള കണക്കാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇത് വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വർഷം | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2500000/- | 2020-21 | 2500000/-** | **ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1100000 | 36786625 | 2398980/- | 35238821 |
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | | | 248824/- | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 72,65,640/- |
| ഓഡിറ്റ് വർഷത്തെ വരവ് | 7,36,19,530/- |
| ആകെ | 8,08,85,170/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,43,39,371/- |
| നീക്കിയിരിപ്പ് | 65,45,799/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,90,000/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 210000/- | ഡോ. അജ്ജ, വെറ്ററിനറി സർജൻ |
| 1-19 | 2680000/- | ശ്രീ. റഫീഖ് ബി., സെക്രട്ടറി |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ഡോ. അജ്ജ | വെറ്ററിനിറി സർജൻ | ഫ്ലാറ്റ് നം.877, തപസ്യ, സൗപർണിക ഷിർടി ടവർ ഫെയ്സ് 2, മുക്കോലക്കൽ |
| 2. | ശ്രീ. റഫീഖ് ബി. | സെക്രട്ടറി | അൽ ഹജർ, ഉരഗകുലം നഗർ, പേരൂർക്കട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/874/18 തീയതി 08.05.2018 | 8 |
| 2001-02 | | 4 |
| 2003-04 | | 5 |
| 2004-05 | | 12 |
| 2014-15 | | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2589/18 തീയതി ...... | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1061/20 തീയതി 17.02.2021 | 36 |
| 2019-20 | കെ.എസ്.എ.ടി.വി.എം /ജിപി 10/1576/21 തീയതി 07.12.2021 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്